കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.dowyd.ksad@kerala.gov.in

# കൽപ്പറ്റ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.) എം.2-931/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്,
കൽപ്പറ്റ – പിൻ 673121
ഫോൺ: 04936-203672

തീയതി: 28/02/2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല.

ചെയർപേഴ്സൺ

കൽപ്പറ്റ നഗരസഭ.

(സെക്രട്ടറി മുഖാന്തിരം)

സർ,

വിഷയം :- കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്-ജില്ലാ ഓഡിറ്റ് കാര്യാലയം ,വയനാട്- കൽപ്പറ്റ നഗരസഭയുടെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18,1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പറ്റ നഗരസഭയുടെ 2017-2018 വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം

അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1,2-2, 2-3, 2-5,2-6,2-7,2-8, 2-11, 2-15 ഭാഗം 3 ലെ 3-1,3-4,3-9,3-13 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പുകൾ പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുൻസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15 കാണുക).

ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരള മുൻസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം ചട്ടം 21(1)(2)(3)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സിനീയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)റിജീയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യ വകുപ്പ് ,കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)എം.2-931/18

തിയ്യതി:28/02/2019

വയനാട് ജില്ലയിലെ കൽപ്പറ്റ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ മുൻസിപ്പാലിറ്റി നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ കൽപ്പറ്റ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.08.2017 മുതൽ 31.03.2018 വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് . 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മാത്രമേ മറുപടി ലഭ്യമാക്കിയിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ . പി . മോഹനൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.10.2018 മുതൽ 31.10.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ . കിഷോർ .എ.ജി , ഓഡിറ്റ് ഓഫീസർ |
| | ശ്രീ നവാസ് കെ. എം , അസി . ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അലി അക്ബർ . കെ , അസി . ഓഡിറ്റ് ഓഫീസർ |
| | ശ്രീ . സമീർ എം . സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ . ജയൻ . പി , ഓഡിറ്റർ |
| | ശ്രീമതി ഇന്ദു. കെ.നായർ , ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർ പേഴ്സൺ | ശ്രീമതി. ഉമൈബ മൊയ്തീൻകുട്ടി | 01.04.2017 മുതൽ 31.03.2018 വരെ |
| വൈസ് ചെയർ പേഴ്സൺ | ശ്രീ. പി. പി . ആലി | 01.04.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ . കെ.ജി. രവീന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ . രാമുണ്ണി | 01.04.2017 മുതൽ 31.03.2018 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. വിന്നി ജോസഫ് | 01.04.2017 മുതൽ 30.06.2017 വരെ |
| | ഡോ. പ്രദീപ് | 01.07.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ സൂപ്രണ്ട്, ജനറൽ ആശുപത്രി | ഡോ. സച്ചിൻ | 01.04.2017 മുതൽ 21.06.2017 വരെ |
| | ഡോ. അശ്വതി മാധവൻ | 22.06.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ബാവ എം. പി | 01.04.2017 മുതൽ 31.03.2018 വരെ |
| പ്രിൻസിപ്പാൾ | ശ്രീ അനിൽ കുമാർ വി | 01.04.2017 മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ ബാബുരാജ് എം. എൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെമ്പർ സെക്രട്ടറി - സി. ഡി. എസ് | ശ്രീ ഷാരിഷ് . പി. ജി | 01.04.2017 മുതൽ 31.03.2018 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. ലയണൽ ഹാർവി സ്പടികം | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീ. മുനവർ കെ | 01.06.2017 മുതൽ 22.06.2017 വരെ |
| | ശ്രീ. സി.കെ ബാബു | 23.06.2017 മുതൽ 27.09.2017 വരെ |
| | ശ്രീ. അബ്ദുൾ | 28.09.2017 മുതൽ |

| | | |
|---|---|---|
| | നാസർ റ്റി | 31.03.2018 വരെ |
| ട്രൈബൽഎക്സ്റ്റൻഷൻഓഫീസർ | ശ്രീ. ബാബു പ്രസാദ് | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2<br>വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കുന്നതിൽ ഗുരുതരമായ കാലവിളംബം | 2-1 |
| 14 | മുനിസിപ്പാലിറ്റി വസ്തു നികുതിയിൻ മേൽ സേവന ഉപനികുതി ചുമത്തുന്നില്ല | 2-2 |
| 15 | വിവിധ വരവുകളുടെ പുരോഗതി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ ഭരണസമിതിയോ വിലയിരുത്തുന്നില്ല | 2-3 |
| 16 | പുതിയ ജില്ലാ കോടതി സമുച്ചയത്തിന് മുനിസിപ്പാലിറ്റി ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുകയോ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യുന്നില്ല | 2-4 |
| 17 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-5 |
| 18 | പ്രഫഷണൽസിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-6 |
| 19 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 2-7 |

| | | |
|---|---|---|
| 20 | 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഒക്യുപെൻസി സാക്ഷ്യപത്രം നൽകിയത് അംഗീകരിക്കുന്നില്ല . | 2-8 |
| 21 | അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിനുള്ള സ്ക്വാഡിന്റെ പ്രവർത്തനം - റിപ്പോർട്ട് ലഭ്യമാക്കിയില്ല | 2-9 |
| 22 | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ട പ്രകാരമല്ലാതെ കെട്ടിട നിർമ്മാണ പെർമ്മിറ്റ് നീട്ടി നൽകി -ചട്ടലംഘനം | 2-10 |
| 23 | ഫുട്ബാൾ മേളയ്ക്ക് അന്യായമായി വിനോദ നികുതിയിനത്തിൽ ഇളവ് നൽകി – നഗരസഭ ഫണ്ടിന് നഷ്ടം | 2-11 |
| 24 | കൽപ്പറ്റ നഗരസഭയ്ക്ക് പരസ്യ നികുതിയിനത്തിൽ വൻ തുക കുടിശ്ശിക | 2-12 |
| 25 | കൽപ്പറ്റ നഗരസഭ പഴയ ബസ്സ് സ്റ്റാൻഡ് സി.സി.ടി.വി പ്രവർത്തനക്ഷമമല്ല | 2-13 |
| 26 | ബസ്സ് സ്റ്റാന്റ് ഫീ ഇനത്തിലെ വരവിന്റെ വിശദാംശം ലഭ്യമാക്കിയില്ല | 2-14 |

| | | |
|---|---|---|
| 27 | കൽപ്പറ്റ ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് - ബി .ഒ . ടി - കുടിശ്ശിക തുക15,52,576 രൂപ ഈടാക്കിയില്ല | 2-15 |
| 28 | ആംബുലൻസ് വാടക ലഭ്യമായില്ല | 2-16 |
| | ഭാഗം -3<br>ചെലവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 29 | ആശുപത്രി ഉപകരണങ്ങൾ, ഫർണിച്ചർ വാങ്ങൽ പദ്ധതി -കൂടിയ നിരക്കിൽ ടെണ്ടർ ഉറപ്പിച്ചു – മുൻസിപ്പൽ ഫണ്ടിന് 1,53,929/- രൂപ നഷ്ടം | 3-1 |
| 30 | മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല- 6,07,924/-രൂപ നഷ്ടം | 3-2 |
| 31 | തുടർ വിദ്യാഭ്യാസം പദ്ധതി - സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ഹോണറേറിയം നൽകി. | 3-3 |
| 32 | ഗ്യാസ് ക്രിമിറ്റോറിയം പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 3-4 |
| 33 | തെരുവ് വിളക്ക് മീറ്റർ ഘടിപ്പിക്കൽ - മീറ്ററുകൾ പ്രവർത്തനക്ഷമമല്ല- പദ്ധതി ലക്ഷ്യം കണ്ടില്ല | 3-5 |
| 34 | തെരുവ് വിളക്ക് ചാർജ്ജ്- തെരുവ് വിളക്കുകളുടെ | 3-6 |

| | | |
|---|---|---|
| | കണക്ക് സൂക്ഷിക്കുന്നില്ല | |
| 35 | പൊതു ടാപ്പ് ചാർജ്ജ് - അധികം തുക അടച്ച. | 3-7 |
| 36 | പട്ടിക വർഗ്ഗ കോളനികൾക്ക് വാട്ടർ കണക്ഷൻ | 3-8 |
| 37 | അഗതി ആശ്രയ - പദ്ധതികൾ തയ്യാറാക്കി നടപ്പാക്കിയില്ല | 3-9 |
| 38 | സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ കൃഷി ഓഫീസർ പ്രോജക്ടുകൾ നടപ്പിലാക്കി | 3-10 |
| 39 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി അനുവദിക്കൽ -അപാകങ്ങൾ | 3-11 |
| 40 | സമഗ്ര കന്നുകുട്ടി പരിപാലന പദ്ധതി- ചെലവഴിക്കാത്ത തുക തിരിച്ചടച്ചില്ല | 3-12 |
| 41 | എസ്.സി.ഹോസ്റ്റൽ അനുബന്ധ സൗകര്യം ഒരുക്കൽ - കെട്ടിടം ഉപയോഗിക്കുന്നില്ല | 3-13 |
| 42 | ടെണ്ടർ കിഴിവ് കുറവ് വരുത്താതെ ബിൽ തുക നല്കി – നഗരസഭ ഫണ്ടിന് നഷ്ടം | 3-14 |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 43 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 44 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 46 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 47 | സ്ഥിര നിക്ഷേപം | 4-5 |
| 48 | ഓഡിറ്റ് റിക്കവറി | 4-6 |
| 49 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 50 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 53 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 54 | നഗരസഭയുടെ 2017-18 വർഷത്തെ വാർഷിക കണക്കിലെ ന്യൂനതകൾ | അനുബന്ധം-2 |
| 55 | തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ – ഖണ്ഡിക 2-5 കാണുക | അനുബന്ധം-3 |
| 56 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | അനുബന്ധം-4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 28.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 06.08.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.08.2018 & 31.08.2018 | കെ. എസ് . എ (ഡബ്ല്യ. വൈ. ഡി ) എം2 – 718/18<br>തീ. 31.08.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 6,93,69,391 |
| വരവ് | ₹ 29,51,12,291 |
| ആകെ | ₹ 36, 44, 81,682 |

| | |
|---|---|
| ചെലവ് | ₹ 22,13,16,315 |
| നീക്കിയിരിപ്പ് | ₹ 14,31,65,367 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 3,78,62,400 | 3,78,62,400 | 3,05,87,829 | ₹72,74,571 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 85,97,200 | 85,97,200 | 28,66,839 | ₹57,30,161 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 1,48,44,450 | 1,48,44,450 | 1,30,67,796 | ₹17,76,654 |
| മെയിന്റനൻസ്, റോഡ് (ACR | 0 | 1,16,21,567 | 1,16,21,567 | 1,03,85,645 | ₹12,35,922 |

| | | | | | |
|---|---|---|---|---|---|
| പ്രകാരം) | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 83,67,204 | 83,67,204 | 33,71,764 | ₹36,55,440 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 3,79,84,94,946 | 3,79,84,94,946 | 2,79,87,751 | ₹95,41,559 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 70,23,747 | 70,23,747 | 59,21,877 | ₹11,01,870 |
| | | | | ആകെ | ₹3,03,16,177 |
| ബി ഫണ്ട് | | 3,55,47,100 | 3,55,47,100 | 3,55,47,100 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 60,36,933 | 1,13,17,000 | 1,73,53,933 | 1,40,43,013 | ₹33,10,920 |

(എ.സി.ആർ പ്രകാരം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 2,84,43,387/- രൂപയും, മെയിന്റനൻസ്, നോൺ-റോഡ് ഇനത്തിൽ 47,11,764/- രൂപയുമാണ് ചെലവ് കാണിച്ചിട്ടുള്ളത്. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.)

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 295 | ₹20,87,35,550 | 162 | ₹9,41,89,501 | 101 | 133 | 55% |

നഗരസഭ തൻവർഷം ₹20,87,35,550 അടങ്കൽ തുകയായി 91 സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം ആകെ 295 പ്രോജക്ടുകൾ നടപ്പിലാക്കാനാണ് പദ്ധതികൾ രൂപീകരിച്ചത് . എന്നാൽ 162 പ്രോജക്ടുകൾക്കായി തൻവർഷം ₹9,41,89,501 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അതായത് 55% പദ്ധതികൾ മാത്രമാണ് തൻവർഷം ആകെ നടപ്പാക്കിയത് .

പദ്ധതികൾ യഥാവിധം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലെ വീഴ്ചകൾ കാരണം നഗരസഭയ്ക്ക് സർക്കാർ ഗ്രാന്റ് ഇനത്തിൽ ലഭിച്ച 3,03,16,177രൂപ ( ഖ. 1-5 പട്ടിക യിലെ നീക്കിബാക്കി കാണുക ) നഷ്ടമായിട്ടുണ്ട്. തൻവർഷം ഒൻപത് നിർവഹണോദ്യോഗസ്ഥരാണ് നഗരസഭയിൽ പദ്ധതി നിർവഹണം നടത്തിയത്. നഗരസഭ സെക്രട്ടറി , അസി.എഞ്ചിനീയർ , സൂപ്രണ്ട് ജനറൽ ആശുപത്രി എന്നിവരൊഴികെയുള്ള നിർവഹണോദ്യോഗസ്ഥർ പദ്ധതികൾ നൂറ് ശതമാനം നടപ്പാക്കിയിട്ടുണ്ട് .നഗരസഭ സെക്രട്ടറി 73% വും, ജനറൽ ആശുപത്രി സൂപ്രണ്ട് 60% വും പ്രോജക്ടുകൾ നടപ്പാക്കിയെങ്കിലും ഏറ്റവും കുറവ് നടപ്പാക്കിയത് അസി.എഞ്ചിനീയറാണ്, 46.6% പ്രോജക്ടുകൾ.തൻവർഷം മരാമത്ത് പ്രവൃത്തികൾക്കായി 12,94,79,548 രൂപ അടങ്കലിൽ 220 പ്രോജക്ട് തയ്യാറാക്കിയതിൽ 102 പ്രോജക്ടുകൾക്കായി 4,03,43,19/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

കുറഞ്ഞ അടങ്കൽ വരുന്ന പല ചെറിയ പ്രോജക്ടുകളായാണ് റോഡ് പ്രവൃത്തികൾ

നഗരസഭ നടപ്പിലാക്കിവരുന്നത്. റോഡ് പ്രവൃത്തികൾ ഭാഗികമായി നടപ്പിലാക്കുന്നതിനാൽ പ്രോജക്ടുകളുടെ എണ്ണം വർദ്ധിക്കുന്ന എന്നതിന് പുറമേ ഒരു റോഡും പൂർണ്ണമായി ഗതാഗത യോഗ്യമാകാതെയും പോകുന്നു. ഒരു റോഡിലെ മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തികൊണ്ടുള്ള വലിയ പ്രോജക്ടുകൾ നടപ്പിലാക്കി പ്രോജക്ടുകളുടെ എണ്ണം കുറച്ച് ലഭ്യമായ ഫണ്ട് പൂർണ്ണമായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ + ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | ₹ 48,24,959 | ₹10,28,519 | ₹58,53,478 | ₹56,35,242 | ₹21,80,236 |

ബാങ്ക് പാസ്സ് ബുക്ക് പ്രകാരം ടി ഇനത്തിൽ മുന്നിരിപ്പ് 56,80,289 രൂപയും , നീക്കിബാക്കി 21,86,076 രൂപയും വാർഷിക കണക്ക് പ്രകാരം ( I-14 , ഹെഡ് കോഡ് -250200100 ) ഗുണഭോക്താകൾക്ക് നേരിട്ട് നൽകിയത് 36,65,536 രൂപയുമാണ്. ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. അക്കൗണ്ടിന്റെ റീ കൺസിലിയെഷൻ നടത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും , ക്യാഷ് ബുക്ക് , റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കേണ്ടതുമാണ് .

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 57,600 | 94 |
| കർഷകതൊഴിലാളി പെൻഷൻ | 25,47,400 | 217 |
| വിധവാ പെൻഷൻ | 1,33,85,600 | 1149 |
| വാർദ്ധക്യകാല പെൻഷൻ | 1,62,97,900 | 1357 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 28,08,600 | 233 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 4,50,000 | 15 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2018ന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹93,377/- (തൊണ്ണൂറ്റി മൂവായിരത്തി മുന്നൂറ്റി എഴുപത്തി ഏഴ് രൂപ മാത്രം ) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

നഗരസഭ നടപ്പിലാക്കുന്ന പല പദ്ധതികളുടെയും ഗുണഭോക്തൃലിസ്റ്റ് വാർഡ് സഭ അംഗീകരിക്കുകയോ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നില്ല. ധനസഹായം നല്കിയ പദ്ധതിയിൽ ഗുണഭോക്തൃലിസ്റ്റ് ഭാഗികമായി അംഗീകരിച്ചതായും കാണുന്നു (മിക്ക വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ നടത്തിയതായി മിനിട്സിൽ കാണുന്നില്ല. ലൈഫ് മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിട്ടല്ല ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

ഓഫീസ് മീറ്റിംഗുകൾ ഇടയ്ക്കിടെ കൂടുകയും പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ചകളും തീരുമാനങ്ങളും കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. എന്നാൽ രേഖകളുടെയും ഫയലുകളുടെയും സൂക്ഷിപ്പ് തൃപ്തികരമല്ല. ഫയലുകളോടൊപ്പം കുറിപ്പു ഫയലുകൾ സൂക്ഷിക്കാത്തതിനാലും പേജ് നമ്പർ ഇട്ട് ക്രമത്തിൽ അടുക്കി സൂക്ഷിക്കാത്തതിനാലും അവ പരിശോധിക്കുന്നതിലും കാര്യങ്ങളുടെ കൃത്യത മനസ്സിലാക്കുന്നതിനും ബുദ്ധിമുട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫയലുകൾ ക്രമമായി സൂക്ഷിക്കുന്നതിലും വീഴ്ചയുണ്ട്. പ്രതിമാസ വരവ് ചെലവ് പത്രികകൾ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും നിശ്ചിത സമയത്ത് വാങ്ങുകയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയോ ചെയ്യുന്നില്ല. അക്കൗണ്ടിംഗ് ജോലികൾ, ഡാറ്റാ എൻട്രി ജോലികൾ എന്നിവയിൽ ഇനിയും ജാഗ്രത ചെലുത്തേണ്ടതുണ്ട്. ഇതിലെ പിഴവുകൾ നിമിത്തം വാർഷിക കണക്കുകളിലെ വിവരങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും ഒത്തുനോക്കുന്നതിന് സാധിക്കാതെ വരുന്നു.

പ്രിൻസിപ്പാൾ , വെറ്ററിനറി സർജൻ, കൃഷി ഓഫീസർ തുടങ്ങിയ നിർവഹണ ഉദ്യോഗസ്ഥർ ജി.ഒ(അ) 177/2006/ഫിൻ. തീയതി 12.04.2006 പ്രകാരമുള്ള ടി.ആർ

7-എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല .

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/05/2016 | 2014-15 | 18/07/2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/6/2016 | 2011-16 | 25/08/2016 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഈ ഓഫീസിലെ 31.08.2018 ലെ കെ.എസ് .എ.(ഡബ്ല്യു .വൈ .ഡി ) എം2 -718/18-ാം നമ്പർ ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല . 2017-18 വർഷത്തെ വാർഷിക കണക്കുകളുടെ ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയും വാർഷിക കണക്കുകളിലെ അപാകതകൾ അനുബന്ധം-2 ആയും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട് .

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി പരിഷ്ക്കരണം നടപ്പിലാക്കുന്നതിൽ ഗുരുതരമായ കാലവിളംമ്പം

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടങ്ങൾ പ്രകാരം മുനിസിപ്പൽ കൗൺസിലുകളിൽ തറ വിസ്തീർണ്ണ അടിസ്ഥാനത്തിലുള്ള പുതുക്കിയ വസ്തു നികുതി നിരക്കുകൾ 14.01.2011 മുതൽ നിലവിൽ വന്നു. 01.12.13 ലെ സ.ഉ (എം.എസ്) 371/13/തസ്വഭവ പ്രകാരം പുതിയ നികുതിദായകർക്ക് 14.01.2011 മുതലും നിലവിലെ നികുതിദായകർക്ക് 01.04.2013 മുതലും ബാധകമാക്കി.

സർക്കാർ നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി , മുനിസിപ്പാലിറ്റി പ്രദേശത്തുള്ള ഓരോ ഇനം കെട്ടിടത്തിനും ചുമത്തേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പൂർണ്ണ

സംഖ്യയിൽ മുനിസിപ്പാലിറ്റി പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ആക്ഷേപങ്ങൾ ബോധിപ്പിക്കുന്നതിന് മുപ്പതു ദിവസത്തിൽ കുറയാത്ത സമയം അനുവദിക്കേണ്ടതും ,നിർദ്ദിഷ്ട സമയത്തിനുള്ളിൽ ആക്ഷേപങ്ങൾ എന്തെങ്കിലും കിട്ടിയിട്ടുണ്ടെങ്കിൽ അവ കൗൺസിൽ പരിഗണിക്കേണ്ടതുമാണ്. കൗൺസിൽ അന്തിമമായി നിശ്ചയിക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്കുകളും അവ പ്രാബല്യത്തിൽ വരുന്ന തിയ്യതിയും അവ പ്രാബല്യത്തിലിരിക്കുന്ന കാലയളവും വ്യക്തമാക്കുന്ന ഒരു വിജ്ഞാപനം സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

വസ്തുനികുതി പരിഷ്ക്കരിക്കുന്നതിന് കൽപ്പറ്റ നഗരസഭ കൗൺസിലിന്റെ 31.01.2012ലെ 11 നമ്പർ തീരുമാനപ്രകാരം 01.02.2012 ന് വിജ്ഞാപനം പ്രസിദ്ധീകരിച്ചു. 10.03.2012 മുമ്പായി വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള പരാതികൾ നഗരസഭ ഓഫീസിൽ സമർപ്പിക്കേണ്ടതായിരുന്നു. ഈ കാലയളവിൽ ആക്ഷേപങ്ങളൊന്നും ലഭിച്ചില്ല. എന്നാൽ അതാതു കാലത്തുള്ള നഗരസഭ കൗൺസിലുകൾ അന്തിമ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിക്കാതെ നീട്ടി കൊണ്ടു പോവുകയും അവസാനം നഗരസഭ കൗൺസിലിന്റെ 21.07.2016 ലെ 17ാം നമ്പർ തീരുമാനപ്രകാരം വസ്തുനികുതി അന്തിമ നിരക്ക് 01.04.2011 ന് പ്രാബല്യത്തിൽ വരുന്ന രീതിയിൽ അംഗീകരിക്കുകയും ചെയ്തു. സർക്കാർ ഉത്തരവ് നിലവിൽ വന്ന് അഞ്ചര വർഷത്തിലേറെ കഴിഞ്ഞാണ് കൗൺസിൽ വസ്തുനികുതി അന്തിമ നിരക്ക് അംഗീകരിക്കുന്നത്. വസ്തു നികുതി പരിഷ്ക്കരണം സംബന്ധിച്ച അജണ്ട പല പ്രാവശ്യം കൗൺസിലിന്റെ പരിഗണനയ്ക്ക് വന്നെങ്കിലും തീരുമാനമെടുക്കാതെ മാറ്റി വയ്ക്കുകയാണുണ്ടായതെന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 2/17-18/ 23.10.18 ന് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. നഗരസഭയിലെ 28 വാർഡുകളിൽ 18ാം വാർഡിന്റെ ഡാറ്റാ എൻട്രി സഞ്ചയയിൽ പൂർത്തിയായതായും 8 വാർഡുകളിലെ കെട്ടിടങ്ങൾ അളന്നു തിട്ടപ്പെടുത്തി ഡാറ്റാ എൻട്രിക്കായി തയ്യാറാക്കി വച്ചിരിക്കുന്നതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിലവിൽ 07/2016 മുതൽ ഒക്യുപെൻസി നൽകിയിട്ടുള്ള കെട്ടിടങ്ങൾക്കാണ് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ചു വരുന്നത്. വസ്തു നികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള നടപടി ക്രമങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ കാലവിളംബം മൂലം മുനിസിപ്പാലിറ്റിക്ക് വസ്തുനികുതി വരുമാനത്തിൽ വൻ നഷ്ടം ഉണ്ടാകുന്നുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് 539 പ്രകാരം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ ,അതതു സംഗതി പോലെ, ആ തുകയുടെ കാര്യത്തിൽ ജപ്തി ചെയ്യാമായിരുന്നതോ,വ്യവഹാരം ആദ്യം നടത്താമായിരുന്നതോ,ശിക്ഷാ നടപടി ആദ്യം ആരംഭിക്കാമായിരുന്നതോ ആയ തിയ്യതി മുതൽ മൂന്ന് കൊല്ലത്തിനുശേഷം,യാതൊരു ജപ്തിയും ചെയ്യുകയോ,

യാതൊരു വ്യവഹാരവും നടത്തുകയോ, യാതൊരു ശിക്ഷാ നടപടിയും ആരംഭിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. ആയതിനാൽ വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കുന്നതിലെ കാലതാമസ്സം മൂലം മുനിസിപ്പാലിറ്റിക്കുണ്ടാകുന്ന നഷ്ടത്തിന് ഭരണ സമിതി അംഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ ബാധ്യതയാകുമെന്ന് അറിയിക്കുന്നു.

ആയതിനാൽ വസ്തു നികുതി പരിഷ്കരണം അടിയന്തിരമായി പൂർത്തീകരിച്ച് 01.12.13 ലെ സ.ഉ( എം.എസ്) 371/13/തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ നികുതിദായകർക്ക് 14.01.2011 മുതലും നിലവിലെ നികുതിദായകർക്ക് 01.04.2013 മുതലും തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-2** <u>മുനിസിപ്പാലിറ്റി വസ്തു നികുതിയിൻ മേൽ സേവന ഉപനികുതി ചുമത്തുന്നില്ല</u>

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടം 26 പ്രകാരം ഒരു മുനിസിപ്പാലിറ്റി പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 235 ാം വകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജല വിതരണം,തെരുവ് വിളക്കുകളും ഡ്രയിനേജ് എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തുന്നതിലേയ്ക്കായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വസ്തു നികുതിയിൻ മേൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

നഗരസഭ 2017-18 വർഷം മാത്രം പൊതു ടാപ്പുകൾക്ക് 14,24,151 /-രൂപയും തെരുവ് വിളക്കുകൾക്ക് 16,39,798/- രൂപയും സാനിറ്റേഷന് 2,95,00/- രൂപയും ഡ്രയിനേജിന് 35,47,369/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടങ്ങൾ പ്രകാരം വസ്തുനികുതി പരിഷ്കരിക്കുന്നതിന് കൽപ്പറ്റ നഗരസഭ കൗൺസിലിന്റെ 31.01.2012ലെ 11 നമ്പർ തീരുമാനപ്രകാരം 01.02.2012 ന് പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൽ മേൽപ്പറഞ്ഞ സേവനങ്ങൾ ഏർപ്പെടുത്തുന്നതിലേയ്ക്കായി വസ്തുനികുതിയിൻമേൽ 10 % സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് തീരുമാനിച്ചിരുന്നു. ഈ വിജ്ഞാപനം സംബന്ധിച്ചുള്ള പരാതികൾ നഗരസഭ ഓഫീസിൽ 10.03.2012 മുമ്പായി സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ഈ കാലയളവിലോ നാളിതുവരെയോ സേവന നികുതി ചുമത്തുന്നത് സംബന്ധിച്ച് ആക്ഷേപങ്ങളൊന്നും ലഭിച്ചില്ല. എന്നാൽ വസ്തുനികുതി അന്തിമ നിരക്ക് തീരുമാനിച്ച

കൽപ്പറ്റ നഗരസഭ കൗൺസിലിന്റെ 21.07.2016 ലെ 17ാം നമ്പർ തീരുമാനത്തിൽ സേവന ഉപനികുതി ചുമത്തുന്നതിനെ സംബന്ധിച്ച് യാതൊരു പരാമർശവുമില്ല. നാളിതുവരെയായി മുനിസിപ്പാലിറ്റി ഒരു കെട്ടിടത്തിനും സേവന ഉപനികുതി ചുമത്തിയിട്ടുമില്ല. സേവന ഉപനികുതി ചുമത്താൻ കൗൺസിൽ തീരുമാനമില്ലാത്തതിനാലാണ് ചുമത്താത്തതെന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 2/17-18/ 23.10.18 ന് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. മുനിസിപ്പാലിറ്റി പരിധിയിൽ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി പ്രതി വർഷം ലക്ഷകണക്കിന് രൂപ നഗരസഭ ചെലവഴിക്കുകയും സേവന ഉപനികുതി ചുമത്തുന്നത് സംബന്ധിച്ചുള്ള ആദ്യ വിജ്ഞാപനം സംബന്ധിച്ച് യാതൊരു ആക്ഷേപവും ലഭിക്കാത്തതിനാലും നഗരസഭ പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും സേവന ഉപനികുതി പിരിക്കാതിരിക്കുന്നത് നഗരസഭയുടെ സുമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുകയും വികസന പ്രവർത്തനങ്ങൾക്കുള്ള ഫണ്ടിൻെറ അപര്യാപ്തതയ്ക്ക് ഇടയാക്കുകയും ചെയ്യും. ആയതിനാൽ ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 വിവിധ വരവുകളുടെ പുരോഗതി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ ഭരണസമിതിയോ വിലയിരുത്തുന്നില്ല

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾസ് 2007 ചട്ടം 55 (2) പ്രകാരം മുനിസിപ്പാലിറ്റി വിവിധ വരവുകൾ രേഖപ്പെടുത്തുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണെങ്കിലും മുനിസിപ്പാലിറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട വരവിനമായ വസ്തു നികുതിയുടെ പോലും പിരിവ് സംബന്ധിച്ചുള്ള ഡിമാന്റ് രജിസ്റ്ററോ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല. ആയത് തയ്യാറാക്കി വരുന്നതായാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 2/17-18/ 23.10.18 ന് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. മേൽ പരാമർശിച്ച ചട്ടം 56 പ്രകാരം അക്കൗണ്ട്സ് ഓഫീസർ എല്ലാ മാസവും 20ാം തിയ്യതിക്കകം മുൻമാസ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ആയത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തി തുടർ നടപടിയെടുക്കേണ്ടതുമാണ്. എന്നാൽ 2017-18 കാലയളവിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചതായി മിനിട്സ് പരിശോധിച്ചതിൽ കാണുന്നില്ല. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 പുതിയ ജില്ലാ കോടതി സമുച്ചയത്തിന് നഗരസഭ

## ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുകയോ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്തിട്ടില്ല.

ബഹു. ചെയർമാൻ ഡിസിഎംഎ & ജില്ലാ കളക്ടർ അവർകളുടെ 30.06.2015 ലെ 2014/21178/12/H3 ഉത്തരവ് പ്രകാരം നഗരസഭാ പരിധിയിൽ നിർമ്മിക്കാവുന്ന കെട്ടിടങ്ങളുടെ പരമാവധി ഉയരം 15 മീറ്ററാണ്. എന്നാൽ 18.05.2018 ന് ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിച്ച പുതിയ വയനാട് ജില്ലാ കോടതി സമുച്ചയത്തിന് ഒക്യുപെൻസി സർട്ടിഫിക്കറ്റിനായി 09.05.18 ന് അപേക്ഷിച്ചുവെങ്കിലും കെട്ടിട സമുച്ചയത്തിന് 24 മീറ്റർ ഉയരമുള്ളതിനാൽ നഗരസഭ ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുകയോ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം 23 /17-18 തി.29.10.18) മറുപടി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടിയെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം മുൻസിപ്പാലിറ്റി പരിധിയിൽ ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്കു നിയമിക്കപ്പെട്ടിട്ടുള്ള വ്യക്തികളിൽ നിന്നും ഓഫീസ് മേധാവി അല്ലെങ്കിൽ തൊഴിലുടമ മുഖേന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

എന്നാൽ, മുൻസിപ്പാലിറ്റി പരിധിയിൽ ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്കു നിയമിച്ച ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും പേരുവിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തൊഴിൽനികുതി ഡിമാന്റ് ചെയ്തതിന്റെ കൃത്യത പരിശോധിക്കാനോ എത്രപേർ തൊഴിൽനികുതി അടയ്ക്കാൻ ബാക്കിയുണ്ടെന്ന് വിലയിരുത്താനോ കഴിയുന്നില്ല.

എന്നാൽ, ഡിമാന്റ് രജിസ്റ്റർ അനുസരിച്ച് ഈ റിപോർട്ടിലെ അനുബന്ധം-3 -ൽ വിവരിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 37/31.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല. അനുബന്ധം-3 -ൽ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-6 പ്രൊഫഷണൽസിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ 3(1) പ്രകാരം അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ തുടങ്ങിയവർ അർദ്ധവാർഷിക നികുതി ₹1,250/- എന്ന തോതിൽ നഗരസഭയിൽ അടക്കേണ്ടതാണ്. 5 കോടതികൾ സ്ഥിതിചെയ്യുന്ന നഗരസഭാ പരിധിയിൽ ബാർ അസോസിയേഷനിൽ എൻറോൾ ചെയ്ത നിരവധി അഭിഭാഷകർ ഉണ്ട്. മുകളിൽ പറഞ്ഞ വിഭാഗങ്ങളിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതി സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2017-18 ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന പ്രഫഷണൽസിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര്/ തൊഴിലിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | അമ്പിളി, ചാർട്ടെർഡ് അക്കൗണ്ടന്റ് കൈനാട്ടി | I, II |
| 2 | ആധാരം എഴുത്ത്, ഗോപാല വാര്യർ | I, II |
| 3 | ആധാരം എഴുത്ത്, കെ.കെ.ജയചന്ദ്രൻ | I, II |
| 4 | മുദ്ര പത്രം, കെ.ജെ.ത്രേസ്യ | I, II |
| 5 | ടാക്സ് പ്രാക്ടീഷണർ, മണി രഥൻ | I, II |
| 6 | ടാക്സ് പ്രാക്ടീഷണർ, ദിനൂപ്.എം.വി | I, II |
| 7 | ആധാരം എഴുത്ത്, കെ.വി. ശശിധരൻ | I, II |
| 8 | ആധാരം എഴുത്ത്, സലാം പറമ്പിൽ | I, II |
| 9 | ആധാരം എഴുത്ത്, സനൽകുമാർ | I, II |
| 10 | അഡ്വ. മൊയ്തു | I, II |
| 12 | അഡ്വ.വർക്കി. എ.ജെ. | I, II |
| 13 | അഡ്വ. ബാബു. | I, II |
| 14 | അഡ്വ. അഷ്റഫ്. ടി | I, II |
| 15 | അഡ്വ. ആന്റണി. എ.ജെ. | I, II |
| 16 | അഡ്വ.മൊയ്തു. കെ. | I, II |
| 17 | അഡ്വ. ജൂഡി ഡിസിൽവ | I, II |
| 18 | അഡ്വ. തോമസ് കെ.എം. | I, II |
| 19 | അഡ്വ.. സിസിലി | I, II |

| | | |
|---|---|---|
| 20 | അഡ്വ. ജോസ്.കെ.എ. | I, II |
| 21 | അഡ്വ. സണ്ണി പോൾ | I, II |
| 22 | അഡ്വ. എൽദോ | I, II |
| 23 | അഡ്വ. പൗലോസ് | I, II |
| 24 | അഡ്വ. ദിനേഷ് കുമാർ. പി.കെ. | I, II |
| 25 | അഡ്വ. സാദിഖ് നീലിക്കണ്ടി | I, II |
| 26 | അഡ്വ. ബിനീഷ്. പി.ഡി. | I, II |
| 27 | അഡ്വ. ഓമന വർഗ്ഗീസ് | I, II |
| 28 | അഡ്വ.ജമാൽ എം.സി.എം. | I, II |
| 29 | അഡ്വ. മഹാദേവൻ | I, II |
| 30 | അഡ്വ.ജോജി പറ്റാനി | I, II |
| 31 | അഡ്വ. സിജി തോമസ് | I, II |
| 32 | അഡ്വ. സന്തോഷ്. സി.കെ. | I, II |
| 33 | അഡ്വ. പ്രസാദ്. പി.സി. | I, II |
| 34 | അഡ്വ.യൂസഫ്. വി.സി. | I, II |
| 35 | അഡ്വ. പ്രിയദർശൻ | I, II |
| 36 | അഡ്വ. സജി. | I, II |
| 37 | അഡ്വ. ശ്രദ്ധാധരൻ | I, II |
| 38 | അഡ്വ. ഷൈജു. | I, II |
| 39 | അഡ്വ.മാത്തുക്കുട്ടി | I, II |
| 40 | അഡ്വ. വിനീത | I, II |
| 41 | അഡ്വ.ബാബു മാത്യൂ. | I, II |
| 42 | അഡ്വ. ജോസഫ് സക്കറിയാസ് | I, II |
| 43 | അഡ്വ.ഷജി. ടി.ജെ. | I, II |
| 44 | അഡ്വ. അഭിലാഷ് തോമസ് | I, II |
| 45 | അഡ്വ. ജോർജ്ജ് എം.ഡി. | I, II |
| 46 | അഡ്വ.കുഷോർ ലാൽ പി.എസ്. | I, II |

| | | |
|---|---|---|
| 47 | അഡ്വ.ജോഷി സിറിയക് | I, II |
| 48 | അഡ്വ.ചാത്തുക്കുട്ടി | I, II |
| 49 | അഡ്വ. ജോണി സ്കറിയ | I, II |
| 50 | അഡ്വ. സുന്ദർ ലാൽ | I, II |
| 51 | അഡ്വ. ജോസ് തേരകം | I, II |
| 52 | അഡ്വ. ഹനസ്. എൻ.ജെ. | I, II |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 38/31.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊഫഷണൽസിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-7 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2017-18 വർഷത്തെ തൊഴിൽ നികുതി പിരിവ് (ട്രേഡേഴ്സ്) സംബന്ധിച്ച് ചുവടെ പറയുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ 3(3) അനുസരിച്ച് പൊതു വില്പ്പന നികുതി നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കച്ചവടസ്ഥാപനങ്ങളും ചട്ടം 3(11) പ്രകാരം അർദ്ധ വാർഷിക വിറ്റുവരവ് ₹30,000/- താഴെയല്ലാത്ത പൊതു വില്പ്പന നികുതി നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ചെറുകിട കച്ചവടസ്ഥാപനങ്ങളും ഓരോ അർധ വർഷത്തിലും ₹1,250/- വീതം തൊഴിൽ നികുതി അടയ്കേണ്ടതാണ്.

വാർഡ് തല ട്രേഡേഴ്സ് രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല. ട്രേഡേർസ് ഡിമാന്റ് രജിസ്റ്റർ പല പേജുകളിലും ഡിമാന്റ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.വരവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.(ഉദാ: വാല്യം 1, സീരിയൽ നമ്പർ 1152 മുതൽ 1399 വരെ) . ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ആവശ്യമാണ്.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | സജിത്ത് ലാൽ, പൊന്നട ക്വാറി | ഒന്നും രണ്ടും |

| | | |
|---|---|---|
| | | അർദ്ധവർഷം |
| 2 | എം.എസ്.പി എസ്റ്റേറ്റ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 3 | രത്തമ്മ ധർമ്മപാലൻ, ചന്ദ്രനാഥ് എസ്റ്റേറ്റ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 4 | എ.ഇ. അസ്സോസിയേറ്റ്സ്, റേഷൻ മൊത്ത വ്യാപാരി | ഒന്നാം രണ്ടും അർദ്ധവർഷം |
| 5 | AIECT കൺസൾട്ടന്റ് ഏജൻസി | ഒന്നാം രണ്ടും അർദ്ധവർഷം |
| 6 | റിലയൻസ് പെട്രോൾ പമ്പ് | ഒന്നാം രണ്ടും അർദ്ധവർഷം |
| 7 | ഓറിയന്റൽ ഇൻഷൂറൻസ് കമ്പനി | ഒന്നാം രണ്ടും അർദ്ധവർഷം |
| 8 | യുണൈറ്റഡ് ഇന്ത്യ ഇൻഷൂറൻസ് കമ്പനി | ഒന്നാം രണ്ടും അർദ്ധവർഷം |
| 9 | റിലയൻസ് ജനറൽ ഇൻഷൂറൻസ് കമ്പനി | ഒന്നാം രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| 10 | വിദ്യാ ക്‌ളാസ്സസ്സ് | ഒന്നും രണ്ടും അർദ്ധവർഷം |
| 11 | ഗ്രാന്റ് ഫ്രഷ് സൂപ്പർ മാർക്കറ്റ് | ഒന്നാം അർദ്ധവർഷം |
| 12 | എസ്.ബി.ഐ ലൈഫ് ഇൻഷൂറൻസ് | രണ്ടാം അർദ്ധവർഷം |
| 13 | ധനലക്ഷ്മി ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 14 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ | ഒന്നാം അർദ്ധവർഷം |
| 15 | ഗ്രെയിസ് റസിഡൻസി | ഒന്നും രണ്ടും അർദ്ധവർഷം |
| 16 | HDFC ലൈഫ് ഇൻഷൂറൻസ് | ഒന്നാം അർദ്ധവർഷം |
| 17 | ഓസ്ക്കാർ ഡ്രൈവിംഗ് സ്കൂൾ | ഒന്നും രണ്ടും അർദ്ധവർഷം |
| 18 | ബാങ്ക് ഓഫ് ബറോഡ | ഒന്നാം അർദ്ധവർഷം |
| 19 | കാനറ ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 20 | മിത്തൽ ഡെന്റൽ ക്ലിനിക്ക് | ഒന്നും രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| | | |
| 21 | മലബാർ ഗോൾഡ് & ഡയമൺസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 22 | ക്വാറി, കുഞ്ഞബ്ദുള്ള ഹാജി | ഒന്നും രണ്ടും അർദ്ധവർഷം |
| 23 | ദേവി എന്റർപ്രൈസസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 24 | ഡെക്കാൺ ITC | ഒന്നും രണ്ടും അർദ്ധവർഷം |
| 25 | സിൻഡിക്കേറ്റ് ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 26 | പോപ്പുലർ ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 27 | HDFC ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 28 | മഹാവീർ തീയേറ്റർ | ഒന്നും രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| 29 | കോപ്പറേറ്റീവ് കോളേജ് | ഒന്നും രണ്ടും അർദ്ധവർഷം |
| 30 | ATO (KSRTC) കൽപ്പറ്റ | ഒന്നും രണ്ടും അർദ്ധവർഷം |
| 31 | ചെമ്പ്ര റിസോർട്ട് | ഒന്നും രണ്ടും അർദ്ധവർഷം |
| 32 | മിൽമ വയനാട് ഡയറി | ഒന്നും രണ്ടും അർദ്ധവർഷം |
| 33 | കലാകേന്ദ്ര മ്യൂസിക്കൽ അക്കാദമി | ഒന്നും രണ്ടും അർദ്ധവർഷം |
| 34 | ഫാത്തിമ മാത ഹോസ്പിറ്റൽ | ഒന്നും രണ്ടും അർദ്ധവർഷം |
| 35 | ആന്ധ്ര ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 36 | കോർപ്പറേഷൻ ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 37 | സൗത്ത് ഇൻഡ്യൻ ബാങ്ക് | ഒന്നും രണ്ടും |

| | | |
|---|---|---|
| | | അർദ്ധവർഷം |
| 38 | ഫ്രാൻസിസ് ആലുക്കാസ് ജ്വല്ലറി | ഒന്നും രണ്ടും അർദ്ധവർഷം |
| 39 | യെസ് ഭാരത് ടെക്സ്റ്റയിൽസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 40 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ | ഒന്നും രണ്ടും അർദ്ധവർഷം |
| 41 | കരന്റ് ബുക്ക്സ് | ഒന്നും രണ്ടും അർദ്ധവർഷം |
| 42 | ക്വാറി, ഷാജു ജോൺ | ഒന്നും രണ്ടും അർദ്ധവർഷം |
| 43 | ബിർള സൺ ലൈഫ് ഇൻഷൂറൻസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 44 | ബാങ്ക് ഓഫ് ഇൻഡ്യ | ഒന്നും രണ്ടും അർദ്ധവർഷം |
| 45 | ബി.എസ്.എൻ.എൽ | ഒന്നും രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| 46 | ഷാലിമാർ ട്രേഡിംഗ് കമ്പനി | ഒന്നും രണ്ടും അർദ്ധവർഷം |
| 47 | പള്ളിയാൽ ഡെന്റൽ ക്ലിനിക്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 48 | ബത്തേരി കോപ്പറേറ്റീവ് അർബൻ ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 49 | പി.പി.എസ് റസിഡൻസി | ഒന്നും രണ്ടും അർദ്ധവർഷം |
| 50 | ലിയോ ഹോസ്പിറ്റൽ | ഒന്നും രണ്ടും അർദ്ധവർഷം |
| 51 | ഹെഡ്ജ് Equities | ഒന്നും രണ്ടും അർദ്ധവർഷം |
| 52 | ICICI Prudential ലൈഫ് ഇൻഷൂറൻസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 53 | ടൗൺ ഹോസ്പിറ്റൽ | ഒന്നും രണ്ടും അർദ്ധവർഷം |
| 54 | കെ.ജെ. ഹോസ്പിറ്റൽ | ഒന്നും രണ്ടും |

| | | |
|---|---|---|
| | | അർദ്ധവർഷം |
| 55 | എസ്.ബി.ഐ കൽപ്പറ്റ | ഒന്നും രണ്ടും അർദ്ധവർഷം |
| 56 | സൗത്ത് ഇൻഡ്യൻ ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 57 | ഇൻഡ്യൻ ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 58 | എസ്.ബി.ഐ കൈനാട്ടി | ഒന്നും രണ്ടും അർദ്ധവർഷം |
| 59 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 60 | DM വിംസ് അർബൻ കെയർ | ഒന്നും രണ്ടും അർദ്ധവർഷം |
| 61 | ജില്ല സഹകരണ ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 62 | സിന്ദു മെറ്റൽസ് | ഒന്നും രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| 63 | കൈരളി സിമന്റ്സ് | ഒന്നും രണ്ടും അർദ്ധവർഷം |
| 64 | കൽപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 65 | യുണൈറ്റഡ് ഇൻഡ്യ ഇൻഷൂറൻസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 66 | മുത്തൂറ്റ് ഫിൻകോർപ്പ് | ഒന്നും രണ്ടും അർദ്ധവർഷം |
| 67 | ധനകോടി ചിറ്റ്സ് | ഒന്നും രണ്ടും അർദ്ധവർഷം |
| 68 | എസ്.ബി.ഐ കൽപ്പറ്റ(Near Leo Hospital) | ഒന്നും രണ്ടും അർദ്ധവർഷം |
| 69 | ലിയോ ഹോസ്പിറ്റൽ | ഒന്നും രണ്ടും അർദ്ധവർഷം |
| 70 | കരുണ ഡയഗ്നോസ്റ്റിക് സെന്റർ | ഒന്നും രണ്ടും അർദ്ധവർഷം |
| 71 | മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് | ഒന്നും രണ്ടും |

| | | |
|---|---|---|
| | | അർദ്ധവർഷം |
| 72 | എക്സോഡസ് ഡെന്റൽ കെയർ | ഒന്നും രണ്ടും അർദ്ധവർഷം |
| 73 | ജിയോജിത്ത് പി.എൻ.ബി പരിബാസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 74 | മകര ജ്യോതി കല്ല്യാണ മണ്ഡപം | ഒന്നും രണ്ടും അർദ്ധവർഷം |
| 75 | കെ.റ്റി.സി ഹോണ്ട | ഒന്നും രണ്ടും അർദ്ധവർഷം |
| 76 | മൈകല്ല്യൺ, ടി.എസ്. സീതാ രാമൻ | ഒന്നും രണ്ടും അർദ്ധവർഷം |
| 77 | ശ്രീ ശങ്കരാചാര്യ കമ്പ്യൂട്ടർ സെന്റർ | ഒന്നും രണ്ടും അർദ്ധവർഷം |
| 78 | എൽ.ഐ.സി | ഒന്നും രണ്ടും അർദ്ധവർഷം |
| 79 | അഹല്യ ഐ ഹോസ്പിറ്റൽ | ഒന്നും രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| 80 | ഡെൻ കെയർ ഡെന്റൽ ഹോസ്പിറ്റൽ | ഒന്നും രണ്ടും അർദ്ധവർഷം |
| 81 | ടി. എൻ. ആർ. പെട്രോളിയം | ഒന്നും രണ്ടും അർദ്ധവർഷം |
| 82 | ഇൻഡസ് മോട്ടോർസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 83 | ഇസാഫ് മൈക്രോ ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷം |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 39/31.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല .മേൽ വിവരിച്ചതിൽ നിന്നും പ്രധാന വരുമാന സ്രോതസായ തൊഴിൽ നികുതി ഈടാക്കുന്നതിൽ നഗരസഭയ്ക്ക് ഗുരുതര വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണാവുന്നതാണ്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു. സ്ഥാപന തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-8 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഒക്യുപെൻസി സാക്ഷ്യപത്രം നൽകിയത് അംഗീകരിക്കുന്നില്ല

കെട്ടിട നിർമ്മാണചട്ടങ്ങളുമായി ബന്ധപ്പെട്ട സർക്കുലർ നം.12900/ആർ.എ1/15/ തസ്വഭവ തീയതി 02.12.2015 പ്രകാരം കെട്ടിട നിർമ്മാണം,പൂർത്തീകരണം സംബന്ധിച്ചുള്ള അപേക്ഷകളിൻമേൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ്, കൈവശാവകാശം, ഉപയോഗക്രമം, എഫ്.എ.ആർ, കവറേജ്, നിലകളുടെ എണ്ണം, പാർക്കിംഗ് സംബന്ധമായ കണക്കാക്കലുകൾ എന്നിവ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കേണ്ടതാണ്.

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34

(1)പ്രകാരം മോട്ടോർ കാറുകളുടെ പാർക്കിംഗിനു വേണ്ടി ഒരുക്കിയിരിക്കുന്ന തെരുവ് വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തിന്റെയും വിസ്തീർണ്ണം 15 ച.മീറ്ററിൽ ( 5.5 mx2.7 m)കുറയാത്തതായിരിക്കണം. ഇരുചക്ര വാഹനങ്ങളുടെയും സൈക്കിളുകളുടെയും പാർക്കിങ്ങിന് വേണ്ടി തെരുവ് വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തിന്റെയും വിസ്തീർണ്ണം യഥാക്രമം 3 ച.മീറ്ററും 1.5 ച.മീറ്ററും ആയിരിക്കും. 1000 ച.മീ വരെ കാർപ്പെറ്റ് വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് ഓരോ 75 ച.മീറ്റർ കാർപ്പറ്റ് വിസ്തീർണ്ണത്തിനും ഒരു പാർക്കിംഗ് യൂണിറ്റും , 1000 ച.മീ കവിഞ്ഞുള്ളവയ്ക്ക് ഓരോ 50ച.മീ കാർപ്പെറ്റ് വിസ്തീർണ്ണത്തിനും ഓരോ പാർക്കിംഗ് യൂണിറ്റ് സ്ഥലവും ( ചട്ടം 34(2) ലെ പട്ടിക 5.2 കാണുക ) ആവശ്യമാണ് . പാർക്കിംഗ് സ്ഥലത്തേയ്ക്ക് വാഹനം പ്രവേശിക്കുന്നതിനും ഡ്രൈവിംഗിനും വാഹനം തിരിക്കുന്നതിനും സ്ഥലം ഒരുക്കേണ്ടതാണ് ( മേൽ ചട്ടം 34(3) കാണുക ). ഓഡിറ്റിന് ഹാജരാക്കിയ ഫയലുകളിൽ മേൽ പരാമർശിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമല്ല. ആയതിനാൽ 30.10.18 -ന് നഗരസഭ അധികൃതരോടൊപ്പം ഏതാനും കെട്ടിടങ്ങളിൽ നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് മുനിസിപ്പാലിറ്റി ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയതായി കണ്ടു. നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളെ മേൽ ചട്ടങ്ങളിലെ അധ്യായം 20 പ്രകാരം ക്രമവത്ക്കരണം നടത്താൻ സാധിക്കുമെങ്കിൽ അപ്രകാരം ചെയ്യേണ്ടതും അല്ലാത്ത പക്ഷം നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അതുവരെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരം , പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്ന നിരക്കിൽ ഈടാക്കേണ്ടതാണ്.

ചട്ടങ്ങൾക്കനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഒക്യുപെൻസി സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശം താഴെപ്പറയുന്നു.

1) <u>ശ്രീ . ഇ.ടി അബ്ദുള്ള & അദേർസ് എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം</u>

പുതിയ ബസ്സ് സ്റ്റാൻഡിന് സമീപം 1,268.16 m2 തറ വിസ്തീർണ്ണമുള്ള 4 നിലകളുള്ള വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിന് ബി.എ 25/08-09 തിയ്യതി 30.04.2008 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച മേൽ കെട്ടിടത്തിന് 04.12.2017 ന് ഒക്യുപെൻസി സാക്ഷ്യപത്രം അനുവദിക്കുകയും 13/894(A)മുതൽ (G) വരെയുള്ള നമ്പറുകൾ നൽകുകയും ചെയ്തിട്ടുണ്ട്.ഒക്യുപെൻസി സാക്ഷ്യപത്രത്തിനായി സമർപ്പിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം, കാർപ്പറ്റ് വിസ്തീർണ്ണം എന്നിവ യഥാക്രമം 1,217.97 ച.മീറ്റർ ,962.58

ച.മീറ്റർ എന്നിങ്ങനെയാണ്.

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 (1)പ്രകാരം കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് ഇപ്രകാരമാണ്.

കെട്ടിടത്തിന്റെ കാർപ്പറ്റ് വിസ്തീർണ്ണം: 962.58 ച.മീ

ആവശ്യമായ കാർപാർക്കിംഗ് : 962.58/75 =13 പാർക്കിംഗ് യൂണിറ്റ്

സ്ഥല പരിശോധനയിൽ കണ്ടത്

ഓഡിറ്റ് പരിശോധനയ്ക്ക് സമർപ്പിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ മുൻഭാഗത്ത് 11 പാർക്കിംഗ് സ്ഥലവും തറ നിലയിൽ( കെട്ടിടത്തിന്റെ ഉൾഭാഗത്ത്) 2 പാർക്കിംഗ് സ്ഥലവും(ആകെ 13 പാർക്കിംഗ് സ്ഥലം) രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ മുൻഭാഗത്ത് 11 പാർക്കിംഗ് യൂണിറ്റുകൾക്ക് പകരം 7 പാർക്കിംഗ് യൂണിറ്റുകൾക്കുള്ള സ്ഥലമേ ലഭ്യമാകുകയുള്ളുവെന്ന് കാണുകയുണ്ടായി. മോട്ടോർ കാറുകളുടെ പാർക്കിംഗിനുവേണ്ടി ഒരുക്കിയിരിക്കുന്ന തെരുവ് വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തിന്റെയും വിസ്തീർണ്ണം 15 ച.മീറ്ററിൽ(5.5 മീ.x2.7മീ.) കുറയാത്തതായിരിക്കണം (ചട്ടം 34(1) ). കെട്ടിടത്തിന്റെ മുൻഭാഗത്ത് 20 മീറ്റർ നീളത്തിലും 7.9 മീറ്റർ വീതിയിലുമാണ് പാർക്കിംഗ് സ്ഥലം ലഭ്യമായിട്ടുള്ളു. പ്രസ്തുത സ്ഥലത്ത് 7 പാർക്കിംഗ് യൂണിറ്റുകളേ ലഭ്യമാകുകയുള്ളൂ. എന്നാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യം പരിശോധിച്ചതായി കാണുന്നില്ല. ഒക്യുപെൻസി സാക്ഷ്യപത്രം അനുവദിക്കുന്നതിന് മുൻമ്പ് ഇക്കാര്യം പരിശോധിച്ചിരുന്നുവെങ്കിൽ പാർക്കിംഗ് സ്ഥലത്തിന്റെ കുറവ് കണ്ടെത്താമായിരുന്നു. പൂർത്തീകരണ പ്ലാൻ പരിശോധിച്ചത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാവാതെ നഗരസഭാ സെക്രട്ടറി കെട്ടിടത്തിന് ഒക്യുപെൻസി നൽകിയത് ക്രമവിരുദ്ധമാണ്. മേൽ വിഷയത്തിൽ നഗരസഭാ ഉദ്യോഗസ്ഥരുടെ ഭാഗത്ത് ഗുരുതരമായ വീഴ്ച്ച സംഭവിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് മുനിസിപ്പാലിറ്റി ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയത് അംഗീകരിക്കുന്നില്ല. ചട്ട വിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിൻമേൽ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതും അതുവരെ നിയമാനുസൃതമല്ലാത്ത കെട്ടിടമായി കണക്കാക്കി കേരള മുനിസിപ്പാലിറ്റി ആക്ട് 242 പ്രകാരമുള്ള അധിക നിരക്കിൽ (80+80x2=240/- രൂപ നിരക്കിൽ) വസ്തു നികുതി ഈടാക്കേണ്ടതുമാണ്. 2017-18 കാലയളവിൽ ഈടാക്കേണ്ടിയിരുന്ന വസ്തുനികുതി സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | കെട്ടിട നം | നിലവിൽ | ഈടാക്കേണ്ടിയിരുന്ന | കുറവ് (₹) |
|---|---|---|---|---|

| | | ഈടാക്കുന്ന വാർഷിക വസ്തു നികുതി/ലൈബ്രറി സെസ് | വസ്തു നികുതി/ലൈബ്രറി സെസ്(₹) | |
|---|---|---|---|---|
| 1 | 13/849(A) | 4,986/250 | 14,958/750 | 9,972/500 |
| 2 | 13/849(B) | 3,416/171 | 10,248/513 | 6,832/342 |
| 3 | 13/849(C) | 10,134/507 | 30,402/1,521 | 20,268/1014 |
| 4 | 13/849(D) | 3,213/161 | 9,639/483 | 6,426/322 |
| 5 | 13/849(E) | 34,267/1714 | 1,02,801/5,142 | 68,534/3,428 |
| 6 | 13/849(F) | 32,463/1624 | 97,389/4,872 | 64,926/3,248 |
| 7 | 13/849(G) | 32,011/1601 | 96,033/4,803 | 64,022/3,202 |
| ആകെ | | ₹1,20,490/6,028 | ₹3,61,470/18,084 | ₹2,40,980/12,056 |

2017-18 രണ്ടാം അർദ്ധ വർഷം ഈടാക്കേണ്ടിയിരുന്ന അധിക വസ്തു നികുതി ( ₹2,40,980/2 ) 1,20,490/- രൂപയും ലൈബ്രറിസെസ് 6,028/- രൂപയും പൂർത്തീകരണപ്ലാൻ പരിശോധിക്കേണ്ടിയിരുന്ന അസി.എൻജിനീയറിൽ നിന്നും ആയത് പരിശോധിച്ചുവെന്ന് ഉറപ്പുവരുത്താതെ ഒക്യുപെൻസി സാക്ഷ്യപത്രം അനുവദിച്ച നഗരസഭാ സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

പൂർത്തീകരണ പ്ലാനിൽ ,തറനിലയിൽ കാണിച്ചിട്ടുള്ള രണ്ട് യൂണിറ്റ് പാർക്കിംഗ് സ്ഥലത്ത് നിലവിൽ അസ്ഥിവാരം കെട്ടി ഷട്ടറുകൾ സ്ഥാപിച്ചതിനാൽ വാഹനങ്ങൾക്ക് പ്രവേശിക്കാൻ സാധിക്കുകയില്ല. കൂടാതെ കെട്ടിടത്തിന്റെ ഷട്ടറുകൾ അടഞ്ഞു കിടന്നതിനാൽ കെട്ടിടത്തിൽ ചട്ടം അനുശാസിക്കുന്ന വിധം ടോയ് ലറ്റുകളും മഴവെള്ള സംഭരണി തുടങ്ങിയവ സ്ഥാപിച്ചുവോയെന്ന് ഉറപ്പു വരുത്താൻ സാധിച്ചില്ല. ഇക്കാര്യം തുടർ നടപടികൾക്കായി നഗരസഭാ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ചട്ട വിരുദ്ധമായി ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

2)<u>ശ്രീമതി കദീജ,സുഹ്റ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം</u>

പിണങ്ങോട് ജംഗക്ഷന് സമീപം പള്ളിത്താഴെ റോഡിൽ ചെമ്മണ്ണൂർ ജ്വല്ലറിക്ക് സമീപം നിലവിലുണ്ടായിരുന്ന 11/315(1) മുതൽ (18) വരെ കെട്ടിട നമ്പറുള്ള വാണിജ്യകെട്ടിടത്തിന്റെ മുകളിൽ പണിത 443.67 ച.മീ തറ വിസ്തീർണ്ണമുള്ള രണ്ടാം നിലയ്ക്ക് ക്രമവത്ക്കരണ കെട്ടിട പെർമ്മിറ്റ് നം.193/16-17 തിയ്യതി 03.05.17പ്രകാരം 07.06.2017 ന് ഒക്യുപെൻസി സാക്ഷ്യപത്രം നൽകുകയും 11/315-(19) മുതൽ (21)

വരെയുള്ള കെട്ടിട നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. ക്രമവത്കരണത്തിനായി സമർപ്പിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണവും കാർപ്പറ്റ് വിസ്തീർണ്ണവും യഥാക്രമം 1048.48 ച.മീ., 817.25 ച.മീ. എന്നിങ്ങനെയാണ്.

ചട്ട ( 34 (1) ) പ്രകാരം കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് ഇപ്രകാരമാണ്.

കെട്ടിടത്തിന്റെ കാർപ്പറ്റ് വിസ്തീർണ്ണം: 817.25 ച.മീ

ആവശ്യമായ കാർപാർക്കിംഗ് : 817.25 /75 =11പാർക്കിംഗ് യൂണിറ്റ്

സ്ഥല പരിശോധനയിൽ കണ്ടത്

ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയ പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ മുൻഭാഗത്ത് ആദ്യ വരിയിൽ 10 പാർക്കിംഗ് യൂണിറ്റുകളും തൊട്ടു പുറകിൽ രണ്ട് പാർക്കിംഗ് യൂണിറ്റുകളും ഉൾപ്പെടെ ആകെ 12 പാർക്കിംഗ് യൂണിറ്റുകൾ കാണിച്ചിട്ടുണ്ട്. എന്നാൽ 31.10.18 ന് നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ മുൻഭാഗത്ത് ആദ്യ വരിയിൽ കാണിച്ചിട്ടുള്ള 10 പാർക്കിംഗ് യൂണിറ്റുകൾക്ക് പകരം 7യൂണിറ്റ് പാർക്കിംഗ് സ്ഥലമേ ലഭ്യമാകുകയുള്ളുവെന്ന് കാണുകയുണ്ടായി. (ആദ്യ വരിയുടെ പുറകിൽ കാണിച്ച 2 പാർക്കിംഗ് യൂണിറ്റുകൾക്ക് ആവശ്യമായ സ്ഥല സൗകര്യം ഉള്ളതായും കണ്ടു) . മോട്ടോർ കാറുകളുടെ പാർക്കിംഗിനുവേണ്ടി ഒരുക്കിയിരിക്കുന്ന തെരുവ് വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തിന്റെയും വിസ്തീർണ്ണം 15 ച.മീറ്ററിൽ(5.5 മീ.x2.7മീ.) കുറയാത്തതായിരിക്കണം (ചട്ടം 34(1) ) .എന്നാൽ മേൽ കെട്ടിടത്തിന്റെ മുൻഭാഗത്ത് (ആദ്യ വരിയിൽ 24.6 മീറ്റർ നീളത്തിലും 6.4 മീറ്റർ വീതിയിലുമാണ് പാർക്കിംഗ് സ്ഥലം ലഭ്യമായിട്ടുള്ളത്. പ്രസ്തുത സ്ഥലത്ത് 7 പാർക്കിംഗ് യൂണിറ്റുകളേ ലഭ്യമാകുകയുള്ളൂ. (ആകെ 9 പാർക്കിംഗ് യൂണിറ്റുകൾ). എന്നാൽ അധികൃതർ ഇക്കാര്യം പരിശോധിച്ചതായി കാണുന്നില്ല. ഒക്യുപെൻസി സാക്ഷ്യപത്രം അനുവദിക്കുന്നതിന് മുൻപ് ഇക്കാര്യം പരിശോധിച്ചിരുന്നുവെങ്കിൽ പാർക്കിംഗ് സ്ഥലത്തിന്റെ കുറവ് കണ്ടെത്താമായിരുന്നു. പൂർത്തീകരണ പ്ലാൻ പരിശോധിച്ചത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാവാതെ നഗരസഭാ സെക്രട്ടറി കെട്ടിടത്തിന് ഒക്യുപെൻസി നൽകിയത് ക്രമവിരുദ്ധമാണ്.

ചട്ടവിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് മുനിസിപ്പാലിറ്റി ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയത് അംഗീകരിക്കുന്നില്ല. ചട്ട വിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിൻമേൽ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതും അതുവരെ നിയമാനുസൃതമല്ലാത്ത കെട്ടിടമായി കണക്കാക്കി കേരള മുനിസിപ്പാലിറ്റി ആക്ട് 242 പ്രകാരമുള്ള അധിക നിരക്കിലുള്ള വസ്തു നികുതി (80+80x2=240/- രൂപ )

ഈടാക്കേണ്ടതുമാണ്.

2017-18 കാലയളവിൽ ഈടാക്കേണ്ടിയിരുന്ന അധിക വസ്തുനികുതി സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | കെട്ടിടനം. | നിലവിൽ ഈടാക്കുന്ന വാർഷിക വസ്തുനികുതി/ലൈബ്രറി സെസ് (₹) | ഈടാക്കേണ്ടയിരുന്ന വസ്തുനികുതി/ലൈബ്രറി സെസ് (₹) | കുറവ് (₹) |
|---|---|---|---|---|
| 1 | 11/315(1) | 1,541/77 | 4,623/231 | 3,082/154 |
| 2 | 11/315(2) | 2,045/103 | 6,135/309 | 4,090/206 |
| 3 | 11/315(3) | 1,301/65 | 3,903/195 | 2,602/130 |
| 4 | 11/315(4) | 821/41 | 2,463/123 | 1,642/82 |
| 5 | 11/315(5) | 2,453/123 | 7,359/369 | 4,906/246 |
| 6 | 11/315(6) | 1,763/89 | 5,289/267 | 3,526/178 |
| 7 | 11/315(7) | 863/44 | 2,589/132 | 1,726/88 |
| 8 | 11/315(8) | 625/32 | 1,875/96 | 1,250/64 |
| 9 | 11/315(9) | 610/31 | 1,830/93 | 1,220/62 |
| 10 | 11/315(10) | 760/38 | 2,280/114 | 1,520/76 |
| 11 | 11/315(11) | 100/5 | 300/15 | 200/10 |
| 12 | 11/315(12) | 950/48 | 2,850/144 | 1,900/96 |
| 13 | 11/315(12A) | 850/43 | 2,550/129 | 1,700/86 |
| 14 | 11/315(12B) | 550/28 | 1,650/84 | 1,100/56 |
| 15 | 11/315(13) | 600/30 | 1,800/90 | 1,200/60 |
| 16 | 11/315(14) | 500/25 | 1,500/75 | 1,000/50 |
| 17 | 11/315(15) | 500/25 | 1,500/75 | 1,000/50 |
| 18 | 11/315(16) | 500/25 | 1,500/75 | 1,000/50 |
| 19 | 11/315(17) | 550/28 | 1,650/84 | 1,100/56 |
| 20 | 11/315(18) | 550/28 | 1,650/84 | 1,100/56 |

| | | | | |
|---|---|---|---|---|
| 21 | 11/315(19) | 5,899/295 | 17,697/885 | 11,798/590 |
| 22 | 11/315(20) | 8,886/445 | 26,658/1,335 | 17,772/890 |
| 23 | 11/315(21) | 9,175/459 | 27,525/1,377 | 18,350/918 |
| | ആകെ | ₹42,392/2,127 | ₹1,27,176/6,381 | ₹84,784/4,254 |

ചട്ട വിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിൻമേൽ 2017-18 വർഷം ഈടാക്കേണ്ടിയിരുന്ന അധിക വസ്തു നികുതി 84,784/-രൂപയും ലൈബ്രറിസെസ് 4,254/- രൂപയും പൂർത്തീകരണപ്ലാൻ പരിശോധിക്കേണ്ടിയിരുന്ന അസി.എൻജിനീയറിൽ നിന്നും ആയത് പരിശോധിച്ചുവെന്ന് ഉറപ്പുവരുത്താതെ ഒക്യുപെൻസി സാക്ഷ്യപത്രം അനുവദിച്ച നഗരസഭാ സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

3) <u>അഡ്വ. ജോസഫ് സക്കറിയാസ് & അദേർസ്</u>

സിവിൽ സ്റ്റേഷന് എതിർവശത്ത് അഡ്വ. ജോസഫ് സക്കറിയാസ് & അദേർസ് എന്നവർക്ക് ബി.എ 350/14-15 തിയ്യതി 17.03.2015 പ്രകാരം 768.48 m2 തറ വിസ്തീർണ്ണമുള്ള സെല്ലാർ അടക്കം 5 നിലയുള്ള വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വിശദാംശം താഴെകൊടുക്കുന്നു.

| നില | തറ വിസ്തീർണ്ണം(ച.മീ.) |
|---|---|
| സെല്ലാർ നില | 66.09 |
| തറ നില | 175.18 |
| ഒന്നാം നില | 165.56 |
| രണ്ടാം നില | 165.56 |
| മൂന്നാം നില | 172.71 |
| സ്റ്റെയർ മുറി | 23.38 |
| ആകെ | 768.48 |

ഭാഗിക പൂർത്തീകരണപ്ലാനുകൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 30.01.17-ന് 143.34 ച.മീറ്ററിനും 29.05.2017 -ന് 377.30 ച.മീറ്ററിനും ഭാഗിക ഒക്യുപെൻസി സാക്ഷ്യപത്രം അനുവദിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| നില | തറ വിസ്തീർണ്ണം(ച.മീ.) | കാർപ്പെറ്റ് വിസ്തീർണ്ണം (ച.മീ.) |
|---|---|---|
| തറ നില | 143.34 | 114.67 |

| നില | തറ വിസ്തീർണ്ണം(ച.മീ.) | കാർപ്പെറ്റ് വിസ്തീർണ്ണം |
|---|---|---|
| സെല്ലാർ നില | 40.24 | 32.19 |
| ഒന്നാം നില | 168.53 | 134.82 |
| രണ്ടാം നില | 168.53 | 134.82 |
| ആകെ | 377.30 | 301.85 |

ഓഡിറ്റ് പരിശോധനയ്ക്ക് സമർപ്പിച്ച മേൽ കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ 5 നിലകളുടെയും ഫൈനൽ ഫയർ പ്ലാൻ 05.05.2017 -ന് ഫയർ & റസ്ക്യൂ സർവ്വീസസ്,കൽപ്പറ്റ അംഗീകരിച്ചിട്ടുണ്ട്. അതിനോടനുബന്ധിച്ച് രജിസ്റ്റേഡ് ആർക്കിടെക്റ്റ് ( Er.Ann Nisha Louis)അംഗീകരിച്ച പൂർത്തീകരണ പ്ലാനും ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 704.72 ച.മീറ്ററും( പാർക്കിംഗ് സ്ഥലം കുറച്ച്)കാർപ്പെറ്റ് വിസ്തീർണ്ണം 546.06 ച.മീറ്ററുമാണ്. കൂടാതെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ 5 നിലകളും പൂർത്തീകരിച്ചതായി കാണുകയുണ്ടായി. എന്നാൽ തറ നിലയിൽ നിന്നുമുള്ള മൂന്നാം നിലയ്ക്ക് ഒക്യുപെൻസി സാക്ഷ്യപത്രം നൽകുകയോ കെട്ടിട നമ്പർ നൽകുകയോ വസ്തു നികുതി ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല.

മേൽ വിവരിച്ച പ്രകാരം കെട്ടിടത്തിന്റെ കാർപ്പെറ്റ് വിസ്തീർണ്ണം-546.06 ച.മീറ്ററാണ്. ആയതിനാൽ 8 പാർക്കിംഗ് യൂണിറ്റുകൾ ആവശ്യമാണ്. (546.06/75). പരിശോധനയ്ക്ക് സമർപ്പിച്ച പ്ലാനിലും 8 പാർക്കിംഗ് യൂണിറ്റുകൾ കാണിച്ചിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ 7 പാർക്കിംഗ് യൂണിറ്റുകൾ മാത്രമേ ലഭ്യമാകുകയുള്ളൂവെന്ന് കണ്ടു. സെല്ലാർ നിലയിൽ കാണിച്ചിട്ടുള്ള റാമ്പിനോട് ചേർന്നുള്ള സ്ഥലത്ത് രണ്ട് വാഹനം പാർക്ക് ചെയ്യാൻ സ്ഥലമുള്ളതായി കാണിച്ചിട്ടുണ്ടെങ്കിലും അവിടെ ഒരു വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലമേ ഉള്ളൂ (4.4 m വീതി). നാല് വാഹനങ്ങൾ പാർക്ക് ചെയ്യാൻ പറ്റുമെന്ന് കാണിച്ചിട്ടുള്ള സെല്ലാറിലെ പാർക്കിംഗ് സ്ഥലത്തേയ്ക്ക് ഒരു കാറിന് പ്രവേശിക്കുവാനുള്ള വീതിയുണ്ടെങ്കിലും സെല്ലാർ ഭിത്തികെട്ടി അടച്ചതിനാലും കെട്ടിടത്തിന്റെ പില്ലറുകൾ സ്ഥിതിചെയ്യുന്നതിനാലും വാഹനത്തിന് തിരിച്ച് കയറാൻ പറ്റാത്ത അവസ്ഥയാണുള്ളത്.

മേൽ വിവരിച്ചതിൽ നിന്നും 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിക്കാതെയാണ് മേൽ കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതെന്ന് കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ മേൽ ചട്ടങ്ങളിലെ

അധ്യായം 20 പ്രകാരം ക്രമവത്ക്കരണം നടത്താൻ സാധിക്കുമെങ്കിൽ അപ്രകാരം ചെയ്യേണ്ടതും( മൂന്നാം നിലയുൾപ്പെടെ) അല്ലാത്ത പക്ഷം നിയമാനുസത തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അതുവരെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരം , പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്ന നിരക്കിൽ ഈടാക്കേണ്ടതാണ്.

## **2-9** അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിനുള്ള സ്ക്വാഡിന്റെ പ്രവർത്തനം - റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

സ.ഉ (ആർ.ടി) 2229/2009/തസ്വഭവ തിയ്യതി 27.08.09 പ്രകാരം അവധി ദിവസ്സങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ നടക്കുന്ന അനധികൃത കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിന് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനം നടത്തുവാൻ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൽപ്പറ്റ നഗരസഭയിൽ നഗരസഭ സെക്രട്ടറി ഉൾപ്പെടുന്ന സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോയെന്നും 2017-18 കാലയളവിൽ അനധികൃതമായ കെട്ടിടങ്ങളുടെ നിർമ്മാണങ്ങൾ ഏതെങ്കിലും ശ്രദ്ധയിൽപ്പെടുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് ആരാഞ്ഞു കൊണ്ടുള്ള (ഓഡിറ്റ് അന്വേഷണത്തിന് എൻക്വയറി നമ്പർ 34 /17-18 /29.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല. 2017-18 കാലയളവിലെ സ്ക്വാഡിന്റെ പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതാണ്.

## **2-10** കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ട പ്രകാരമല്ലാതെ കെട്ടിട നിർമ്മാണ പെർമ്മിറ്റ് നീട്ടി നൽകി -ചട്ടലംഘനം

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 15.A(4) പ്രകാരം കെട്ടിട നിർമ്മാണ പെർമ്മിറ്റ് പരമാവധി 9 വർഷത്തേയ്ക്ക്( മൂന്ന് പ്രാവശ്യം) മാത്രമേ നീട്ടി നൽകാവൂ. എന്നാൽ ശ്രീമതി ഷേർലി ജോർജ്ജ് എന്നവരുടെ കെട്ടിട പെർമ്മിറ്റ്(ബി.എ 162/06-07 തിയ്യതി 22.08.2006)താഴെ വിവരിച്ച പ്രകാരം 9 വർഷത്തിൽ കൂടുതൽ നീട്ടിനൽകിയിട്ടുണ്ട്.

| തീയതി | മുതൽ | വരെ |
|---|---|---|
| 22.08.2006 | 22.08.2006 | 21.08.2009 |
| 12.07.2010 | 12.07.2010 | 11.07.2013 |

| | | |
|---|---|---|
| 12.07.2013 | 12.07.2013 | 11.07.2016 |
| 11.07.2016 | 11.07.2016 | 10.07.2019 |

മേൽ വിവരിച്ച ചട്ട പ്രകാരം ഈ കെട്ടിടത്തിന് പരമാവധി 21.08.2015 വരെ മാത്രമേ കെട്ടിട നിർമ്മാണ പെർമ്മിറ്റ് പുതുക്കി നൽകാൻ വ്യവസ്ഥയുള്ളൂ. ആയതിനാൽ കെട്ടിടത്തിന് 10.07.19 വരെ പെർമ്മിറ്റ് പുതുക്കി നൽകിയത് ക്രമവിരുദ്ധമാണ്. കെട്ടിടത്തിന് 18.04.18 ന് ഒക്യുപെൻസി അനുവദിക്കുകയും കെട്ടിട നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. (13/880(9) മുതൽ (12)വരെയുള്ളത്) നിയമാനുസൃതം കെട്ടിട നിർമ്മാണ പെർമ്മിറ്റ് അനുവദിക്കാൻ വ്യവസ്ഥയില്ലാത്ത കാലയളവിൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതിന് ഒക്യുപെൻസി അനുവദിച്ചത് അംഗീകരിക്കുന്നില്ല. ആയതിനാൽ ഇക്കാര്യം തുടർ നടപടികൾക്കായി നഗരസഭാ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-11 ഫുട്ബാൾ മേളയ്ക്ക് അന്യായമായി വിനോദ നികുതിയിനത്തിൽ ഇളവ് നൽകി-നഗരസഭ ഫണ്ടിന് നഷ്ടം

കേരള ലോക്കൽ അതോറിറ്റീസ് എന്റർടൈൻമെന്റ് ആക്ട് 1961 പ്രകാരം ഏതൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഏതൊരു പ്രദർശനത്തിനും പ്രൈസ് ഓഫ് അഡ്മിഷൻ മേൽ കുറഞ്ഞത് 24 ശതമാനവും കൂടിയത് 48 ശതമാനവും വിനോദ നികുതി ഈടാക്കാവുന്നതാണ്.

പിന്നോക്ക ജില്ലയായ വയനാടിന്റെ കലാ കായിക രംഗത്തെ വികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് മൂലധനം സ്വരൂപിക്കുന്നതിനായി എസ്.കെ.എം.ജെ സ്കൂൾ ഗ്രൗണ്ടിൽ 19.02.17 മുതൽ നടക്കുന്ന ഫുട്ബാൾ ടൂർണ്ണമെന്റിനെ വിനോദനികുതിയിൽ നിന്ന് ഒഴിവാക്കി തരണമെന്ന് സ്പോർട്സ് & കൾച്ചറൽ പ്രോമോഷൻ കൗൺസിൽ എന്ന സംഘടന 16/02/2017 ന് അപേക്ഷിക്കുകയുണ്ടായി. നഗരസഭ ഇക്കാര്യം പരിഗണിക്കുകയും കൗൺസിലിന്റെ 22.02.2017 ലെ 8ാം നമ്പർ തീരുമാന പ്രകാരം ഫുട്ബാൾ മേളയ്ക്ക് 50% വിനോദ നികുതി ഇളവ് നൽകുന്നതിനായി സർക്കാറിലേയ്ക്ക് ശുപാർശ നൽകുകയും ചെയ്തു. ടിക്കറ്റ് ചാർജ്ജിൽ 50 % വിനോദ നികുതിയിൽ ഇളവ് നൽകിയിട്ടുണ്ടെന്ന് നഗരസഭ ഉറപ്പുവരുത്തണം എന്ന വ്യവസ്ഥയോടു കൂടി , സർക്കാർ ഫുട്ബാൾ മേളയ്ക്ക് വിനോദ നികുതിയിൽ 50% ഇളവ് നൽകി.(16.03.17 ലെ സ.ഉ(സാധാ) 721/2017/തസ്വഭവ ) .

ഫുട്ബാൾമേള ടിക്കറ്റ് വിൽപ്പന വഴി ലഭിച്ച ₹18,88,410 /-യുടെ വിനോദനികുതി ആകെ ₹3,65,611/- സംഘാടകർ നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ മേൽ

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 19.05.2017 -ലെ 9ാം നമ്പർ തീരുമാന പ്രകാരം വിനോദ നികുതി നിരക്ക് 48% പകരം 24% ആയി കണക്കാക്കുകയും അധികമായി അടവാക്കിയ ₹59,264/- നഗരസഭാ സെക്രട്ടറി സംഘാടകർക്ക് ചെലവ് വൗച്ചർ നം.21700295 തീയതി 16.07.2017 പ്രകാരം തിരികെ നൽകിയിട്ടുണ്ട് ( ഇതു സംബന്ധിച്ച് നഗരസഭ കൗൺസിൽ തീരുമാനമെടുത്തിട്ടില്ല). ഈയിനത്തിൽ നഗരസഭയ്ക്ക് ലഭിച്ചത് ₹3,06,347മാത്രമാണ്.

എന്നാൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് തന്നെ 12/03/2017 ന് മേള കഴിഞ്ഞു പോയതിനാൽ സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രകാരം ടിക്കറ്റ് ചാർജ്ജിൽ 50 % വിനോദ നികുതിയിൽ ഇളവ് നൽകുക സാധ്യമല്ലായെന്ന് കാണുകയുണ്ടായി. നഗരസഭയുടെ അംഗീകാരത്തോടെ സംഘാടകർ ഉപയോഗിച്ച ടിക്കറ്റുകൾ പരിശോധിച്ചതിൽ കാണികൾക്ക് വിനോദനികുതി കിഴിവ് അനുവദിച്ചിട്ടില്ലായെന്ന് കണ്ടു. നഗരസഭയിൽ സൂക്ഷിച്ച ഉപയോഗിക്കാത്ത ടിക്കറ്റുകളിൽ 100,60,50 രൂപ എന്നിങ്ങനെ മുഖവില മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടിക്കറ്റ് ചാർജ്ജിൽ 50 % വിനോദ നികുതിയിൽ ഇളവ് അനുവദിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞതിൽ( ഓഡിറ്റ് അന്വേഷണം നം.18/2017-18 തീ.25.10.18) ഇക്കാര്യം നഗരസഭക്ക് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ലെന്ന് നഗരസഭ സെക്രട്ടറി 30.10.18 ന് മറുപടി നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഫുട്ബാൾമേള സംഘാടകർക്ക് വിനോദ നികുതിയിനത്തിൽ നഗരസഭ നൽകിയ ഇളവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിന്റെ വിശദാംശം താഴെപ്പറയുന്നു.

| | |
|---|---|
| ടിക്കറ്റ് വിൽപ്പന വരവ്(കൽപ്പറ്റ കോ-ഓപ്പറേറ്റിവ് ബാങ്കിന്റെ 28.03.17 ലെ സ്റ്റേറ്റ്മെന്റ് പ്രകാരം) | ₹18,88,410 |
| പ്രൈസ് ഓഫ് അഡ്മിഷൻ(നികുതി ഒഴികെ) | ₹12,75,953 /- |
| സംഘാടകർ വിനോദ നികുതിയിനത്തിൽ നഗരസഭയിൽ അടവാക്കേണ്ട തുക( 48 %) | ₹ 6,12,457/- |
| നഗരസഭയിൽ അടവാക്കിയ തുക | ₹ 3,65,611/- |
| നികുതി പൂർണ്ണമായും ഈടാക്കാത്തതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം | ₹2,46,846/ |
| അധികമായി അടവാക്കിയതാണെന്ന കാരണം കാണിച്ച് സംഘാടകർക്ക് തിരികെ നൽകിയ തുക | ₹ 59,264/- |
| നഗരസഭയ്ക്കുണ്ടായ ആകെ നഷ്ടം | ₹ 3,06,110 |

സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം ടിക്കറ്റ് ചാർജ്ജിൽ വിനോദനികുതിയിനത്തിൽ ഇളവ് അനുവദിച്ചിട്ടില്ലാത്തതിനാൽ ഫുട്ബാൾമേളയ്ക്ക് 50% വിനോദനികുതിയിളവിന് അർഹതയില്ല. ഈ സാഹചര്യത്തിൽ അധിക വിനോദനികുതിയിനത്തിൽ തിരികെ നൽകിയ 59,264/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. മേൽ തുക വിനോദനികുതി തിരികെ നൽകിയ നഗരസഭ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ വിനോദനികുതിയിനത്തിൽ ലഭിക്കേണ്ട തുക പൂർണ്ണമായും ഈടാക്കാത്തിനാൽ നഗരസഭക്ക് ₹2,46,846/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. (ആകെ ₹ 3,06,110/-). നഗരസഭയ്ക്കുണ്ടായ നഷ്ടം ഉത്തരവാദിത്വപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-12 കൽപ്പറ്റ നഗരസഭയ്ക്ക് പരസ്യ നികുതിയിനത്തിൽ വൻ തുക കുടിശ്ശിക

2017-18 കാലയളവിലേയ്ക്ക് പരസ്യനികുതി (സിനിമാ പരസ്യങ്ങൾ ഒഴികെ)പിരിക്കുന്നതിനായി 27.02.17 ന് നടന്ന ലേലത്തിൽ കൂടിയ നിരക്ക്( ₹1,83,500/-) വിളിച്ച ശ്രീ. ഷബീർ.വി എന്നവരുടെ ലേലം നഗരസഭ കൗൺസിലിന്റെ 29.03.17 ലെ 19ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ലേലം കൊണ്ട വ്യക്തി ആദ്യ ഗഡുവായി ₹91,750/- ഒടുക്കിയിട്ടുണ്ട്. ലേലം കൊണ്ട വ്യക്തിയുമായി നഗരസഭ കരാർ ഉടമ്പടിയിൽ ഏർപ്പെട്ടതായി കാണുന്നില്ല. 01.07.2017 മുതൽ ജി.എസ്.ടി നിലവിൽ വന്നതിനാൽ ബാക്കി തുക ഒടുക്കാൻ സാധിക്കുകയില്ലെന്നും ഒടുക്കിയ തുകയിൽ 45,875/- രൂപ തിരികെ ലഭ്യമാക്കണമെന്നും ലേലം കൊണ്ട വ്യക്തി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അപേക്ഷയിൻ മേൽ സെക്രട്ടറി നാളിതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

2017 -ലെ കേരള ജി.എസ്.ടി ആക്ട് സെക്ഷൻ 174(2)(b) പ്രകാരം ജി.എസ്.ടി. ആക്ട് നിലവിൽ വരുന്നതിന് മുമ്പുള്ള ആക്ടുകളിൻ മേലുള്ള നടപടിക്രമങ്ങളെ ജി.എസ്.ടി ആക്ട് ബാധിക്കുകയില്ല. മേൽ സെക്ഷൻ പ്രകാരം ലേലം കൊണ്ട വ്യക്തിക്ക് നിലവിലുണ്ടായിരുന്ന കരാറുകളിൻമേലുള്ള അവകാശങ്ങൾ തുടർന്നും ലഭിക്കുന്നതാണ്. ആയതിനാൽ ലേലം കൊണ്ട വ്യക്തിയിൽ നിന്നും ബാക്കി തുക നിയമാനുസൃതം ഈടാക്കാമായിരുന്നു. എന്നാൽ നഗരസഭ സെക്രട്ടറി തുക ഈടാക്കാൻ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നമ്പർ 21 /17-18/26.10.18) ന് മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ നഗരസഭ ഫണ്ടിനുണ്ടായ നഷ്ടം ₹91,750/- കരാർ ചമയ്ക്കുന്നതിൽ/തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച്ച വരുത്തിയ നഗരസഭ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-13 കൽപ്പറ്റ നഗരസഭ പഴയ ബസ്സ് സ്റ്റാൻഡ് സിസിടിവി പ്രവർത്തനക്ഷമമല്ല

നഗരസഭയുടെ പഴയ ബസ്സ് സ്റ്റാൻഡ് നവീകരിച്ച് പരസ്യം ചെയ്യുന്നതിനുള്ള കുത്തക പാട്ടവകാശം JNCA എന്ന പരസ്യ എജൻസി ഉടമ ആന്റണി എന്നയാൾക്ക് 07.08.2014 ലെ 4ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 10 വർഷത്തേയ്ക്ക് നിബന്ധകൾക്ക് വിധേയമായി പ്രതിവർഷം 60,000/- രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. നഗരസഭ കരാറുകാരനുമായി ചമച്ച 26.08.14-ലെ കരാർ ഉടമ്പടി പ്രകാരം ബസ്സ് സ്റ്റാൻഡും പരിസരവും വൃത്തിയായി സൂക്ഷിക്കുക,സിസിടിവിയും എൽ.സി.ഡി ടിവിയും 24 മണിക്കൂറും പ്രവർത്തിപ്പിക്കുക,ബസ്സ് ടൈം ഷെഡ്യൂൾ ബോർഡ് സ്ഥാപിക്കുക,ബസ്സ് കാത്തിരിപ്പ് സ്ഥലം ടൈൽ പാകുക,പൂന്തോട്ടം നിർമ്മിക്കുക തുടങ്ങിയവ കരാറുകാരന്റെ ചുമതലകളായിരുന്നു. എന്നാൽ സ്ഥല പരിശോധനയിൽ കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ബസ്സ് സ്റ്റാൻഡിൽ സിസിടിവി ,ടിവി എന്നിവ പ്രവർത്തിക്കുന്നില്ലായെന്ന് കണ്ടു. സ്ത്രീകൾ ഉൾപ്പെടെയുള്ള യാത്രക്കാരുടെ സുരക്ഷ മുൻ നിർത്തി 24 മണിക്കൂറും സിസിടിവി പ്രവർത്തിപ്പിക്കണം എന്ന നിബന്ധന പാലിക്കപ്പെടാതെ പോകുന്നത് ഗുരുതരമായ ക്രമസമാധാന പ്രശ്നങ്ങൾക്ക് ഇടവരുത്തുമെന്നതിനാൽ ഇക്കാര്യം നഗരസഭാ അധികൃതരുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-14 ബസ്സ് സ്റ്റാന്റ് ഫീ ഇനത്തിലെ വരവിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി ചട്ടം 472ാം വകുപ്പ് പ്രകാരം പൊതു വണ്ടി താവളങ്ങൾക്ക് മുനിസിപ്പാലിറ്റിക്ക് ഫീസ് ചുമത്താവുന്നതാണ്. എന്നാൽ കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള പഴയ ബസ്സ് സ്റ്റാൻഡിൽ ബസ്സുകൾ കയറി ഇറങ്ങുകയും നിർത്തിയിടുകയും ചെയ്യുന്നുണ്ടെങ്കിലും മുനിസിപ്പാലിറ്റിയുടെ 2017-18 ലെ വാർഷിക കണക്ക് പരിശോധിച്ചതിൽ ഈയിനത്തിൽ വരവ് വന്നതായി കാണുന്നില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 23.12.2016 ലെ 11(3) ാം നമ്പർ തീരുമാന പ്രകാരം ബസ്സ് സ്റ്റാന്റ് ഫീ പിരിവുമായി ബന്ധപ്പെട്ട എ.എസ്.7/2008 നമ്പർ മുൻസിഫ് കോടതിയിലുള്ള കേസ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട് വക്കീലിന് ₹2,500/- നൽകുന്നതിന് അനുമതി നൽകിയതായി കാണുന്നു. കേസ്സിന്റെ വിശദാംശങ്ങളും ബസ്സ് സ്റ്റാൻഡ് ഫീ ഇനത്തിൽ വരവ് കാണാത്തതു സംബന്ധിച്ചും നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നമ്പർ 22 /17-18/27.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല. ബസ് സ്റ്റാൻഡ് ഫീ ഇനത്തിൽ വരവ് ഇല്ലാത്തതിൻെറ കാരണം അറിയിക്കേണ്ടതാണ്. ഇക്കാര്യം നഗരസഭാ കൗൺസിലിൻെറ

ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-15 കൽപ്പറ്റ ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് - ബി .ഒ . ടി -കുടിശ്ശിക തുക 15,52,576 രൂപ ഈടാക്കിയില്ല

നഗരസഭയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ബസ് സ്റ്റാൻറ് നിർമ്മാണം നടത്താൻ 10.11.2008 ലെ 21-ാം നമ്പർ പ്രകാരം ഭരണ സമിതി തീരുമാനം എടുക്കുകയും പ്രോജക്ട് ഡെവലപ്മെൻറ് ഏജൻസിയായി തിരുവനന്തപുരം ഐ. സി. ഐ. സി ഐ കിൻഫ്ര എന്ന സ്ഥാപനത്തെ നിയോഗിക്കുകയും പ്രസ്തുത കമ്പനി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ബസ് സ്റ്റാൻറ് നിർമ്മാണത്തിനായി നടത്തിയ ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ചാർട്ടേഡ് എഞ്ചിനീയറിംഗ് കമ്പനിയെ തെരഞ്ഞെടുക്കുകയും, കമ്പനിയ്ക്കായി കമ്പനിയുടെ മാനേജിംഗ് പാർട്ടണറായ ശ്രീ.അബ്ദുൾ ഖഫൂർ എന്നയാളുമായി 19/6/2010 ന് നഗരസഭ സെക്രട്ടറി കരാറിൽ ഏർപ്പെടുകയും ചെയ്തു . കരാർ പ്രകാരം 32 വർഷം കൺസഷൻ കാലാവധിയും , 3 വർഷം നിർമ്മാണ കാലാവധിയും, 6 മാസം നിർമ്മാണ കാലാവധിക്കുള്ള അധിക കാലയളവുമായി നിശ്ചയിക്കുകയും, 2.8 ലക്ഷം രൂപ പ്രി ഓപ്പറേറ്റീവ് ചെലവുകൾക്കും , 8 ലക്ഷം രൂപ ആന്വിറ്റിയായി വർഷാവർഷം കമ്പനി മുൻസിപ്പാലിറ്റിക്ക് നൽകേണ്ടതുമാണ് . മേൽ വിഷയത്തിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു .

1) കരാർ വ്യവസ്ഥ ഖണ്ഡിക 7.1.3 ൽ പ്രി ഓപ്പറേറ്റീവ് ചെലവുകൾക്ക് ₹2,80,000/- മുൻസിപ്പാലിറ്റിക്ക് നൽകേണ്ടതാണ് . പ്രസ്തുത തുക അടയ്ക്കാൻ ആവശ്യപ്പെട്ടെങ്കിലും ( സെക്രട്ടറിയുടെ 25/05/2016 ലെ ഇ4- 9029/08 നമ്പർ കത്ത് ) തുക ലഭിച്ചിട്ടില്ല .

2) കരാർ വ്യവസ്ഥ ഖണ്ഡിക 3.4 പ്രകാരം പൂർത്തീകരണ കാലാവധിയായ മൂന്ന് വർഷങ്ങൾക്ക് ശേഷവും കരാർവ്യവസ്ഥ പ്രകാരം പൂർത്തികരിക്കേണ്ട പദ്ധതികൾ പൂർത്തികരിക്കാത്ത പക്ഷം ആയത് പൂർത്തീകരിക്കുന്നതിന് നൽകിയ അധിക കാലയളവായ 6 മാസത്തിന് (17.12.2013) ശേഷം അനുവദിക്കുന്ന ഓരോ ദിവസത്തിനും ₹100/- എന്ന തോതിൽ 180 ദിവസത്തേക്ക് (14.06.2014 വരെ) നഗരസഭയ്ക്ക് ലഭിക്കേണ്ടതായ ₹18,000/- അടവാക്കുന്നതിന് നഗരസഭ ആവശ്യപ്പെട്ടെങ്കിലും ( സെക്രട്ടറിയുടെ 25.05.2016 ലെ ഇ4- 9029/08 നമ്പർ കത്ത് ) തുക അടവാക്കിയിട്ടില്ല .

3)കരാർ വ്യവസ്ഥ ഖണ്ഡിക 7.1.4 പ്രകാരം 8 ലക്ഷം രൂപ ആന്വിറ്റിയും , നിർമ്മാണ കാലാവധിക്ക് ( cotractual COD 3 വർഷം, അധിക കാലയളവ് – 6 മാസം ) ശേഷം ഓരോ 3 വർഷം കൂടുമ്പോൾ ആന്വിറ്റി തുകയിൽ 5% വർദ്ധനവ്

വരുത്തേണ്ടതുമാണ് . ആയത് പ്രകാരം 17/12/2013 മുതൽ മൂന്ന് വർഷം കഴിയുമ്പോൾ ആന്വറ്റിയിൽ 5% വർദ്ധനവ് വരുത്തേണ്ടതാണ്. തുക സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് നൽകേണ്ടതും , ഭാഗികമായി തുക നൽകേണ്ട സാമ്പത്തിക വർഷങ്ങളിൽ ആന്വിറ്റി ആനുപാതികമായി കണക്കാക്കി നൽകേണ്ടതുമാണ് . കരാർ പ്രകാരമുള്ള നിർമ്മാണ കാലാവധിക്ക് ശേഷം 18/12/2013 മുതൽ 31/3/2018 വരെ ₹34,77,041/- ലഭിക്കേണ്ടതാണ്. സാമ്പത്തിക വർഷം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

18.12.2013 മുതൽ 17.12.2016 വരെ ആന്വറ്റി @ ₹8,00,000.

18.12.2016 മുതൽ 19.12.2019 വരെ ആന്വറ്റി @ ₹8, 40,000.

| ക്രമ നം | വർഷം | ആന്വറ്റി |
|---|---|---|
| 1 | 2013-14<br>( 18.12.2013 മുതൽ 31.3.2014 വരെ - 104 ദിവസം<br>104 X 8,00,000/365 = ₹2,27,945 ) | ₹2,27,945 |
| 2 | 2014-15 | ₹8,00,000 |
| 3 | 2015 – 16 | ₹8,00,000 |
| 4 | 2016-17<br>1.4.2016 മുതൽ 18.12.2016 വരെ 262 ദിവസം@8 ലക്ഷം-₹5,74,247<br>19.12.2016 മുതൽ 31.03.2017 വരെ 103 ദിവസം@8.4ലക്ഷം₹2,37,041 | ₹8,11,288 |
| 5 | 2017 – 18 | ₹8,40,000 |
| | ആകെ | ₹34,79,233 |

നിലവിൽ ആന്വറ്റി ഇനത്തിൽ പഞ്ചായത്തിന് ലഭിച്ചത് ആകെ ₹22,24,657 യാണ് ( 2014-15 ൽ ₹6,24,657 , 2016-17 ൽ ₹8,00,000 , 2017 -18 ൽ ₹8,00,000 ) . ഈയിനത്തിൽ ( 34,79,233 - 22,24,657 ) ₹12,54,576 മുൻസിപ്പാലിറ്റിക്ക് ലഭിക്കാനുണ്ട് .

4 ) 1994 ലെ സെന്ട്രൽ ഫിനാൻസ് ആക്ട് ചട്ടം ZZZZ പ്രകാരം ബസ്റ്റാന്റിലെ

ഷോപ്പിംഗ് കോംപ്ലക്സിലെ റൂമുകളിലെ വാടകയിൽ സർവീസ് പ്രൊവൈഡർ എന്ന നിലയിൽ മുൻസിപ്പാലിറ്റി സർവീസ് ടാക്സ് അടയ്ക്കേണ്ടതാണ് . നിലവിൽ ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടങ്ങളിൽ നിന്ന് സർവീസ് ടാക്സ് ഈടാക്കുന്നുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ടതിന് ( എൻക്വയറി നം - 36/30.10.2018 ) മറുപടി നൽകിയിട്ടില്ല .

കരാർ പ്രകാരം എല്ലാ സാമ്പത്തിക വർഷവും കമ്പനിയുടെ ചാർട്ടേഡ് അക്കൗണ്ടന്റ് തയ്യാറാക്കിയ ഓഡിറ്റ് ചെയ്ത വരവ് ചെലവുകൾ ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ് . എന്നാൽ നാളിതുവരെ ഇത്തരത്തിലുള്ള വരവ് ചെലവ് കണക്കുകൾ ഭരണസമിതിക്ക് സമർപ്പിച്ചിട്ടില്ല . അതിനാൽ തന്നെ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ കെട്ടിടങ്ങളിൽ നിന്നും വാടകയിനത്തിൽ ലഭിക്കുന്ന തുകയോ , സർവീസ് ചാർജ്ജ് ഇനത്തിൽ ഈടാക്കുന്നതിന്റെയും, അടവാക്കുന്നതിന്റെയും വിശദാംശങ്ങളോ മുൻസിപ്പാലിറ്റിയിൽ ലഭ്യമല്ല. സർവീസ് ടാക്സ് അടവാക്കാതിരുന്നാൽ ഭാവിയിൽ മുൻസിപ്പാലിറ്റിക്ക് ബാധ്യത വരാൻ സാധ്യതയുണ്ട്. ആയതിനാൽ കമ്പനി യഥാസമയം സർവീസ് ടാക്സ് അടവാക്കുന്നുണ്ടോയെന്ന് എന്ന് ഉറപ്പു വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

മേൽ ഖണ്ഡികകളിൽ സൂചിപ്പിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം - 36/30.10.2018) മറുപടി നൽകിയിട്ടില്ല . ചാർട്ടേഡ് എഞ്ചീനിയറിംഗ് കമ്പനിയിൽ നിന്നും നാളിതു വരെ മുൻസിപ്പാലിറ്റിക്ക് ആന്വറ്റി ഇനത്തിൽ ലഭിക്കാനുള്ള 12,54,576 രൂപയും, പ്രി ഓപ്പറേറ്റീവ് ചെലവുകൾക്ക് 2,80,000/- രൂപയും, കരാർ പ്രകാരം 6 മാസത്തെ അധിക സമയത്തിന് അടവാക്കുന്നതിനുള്ള 18,000/- രൂപയും ഉൾപ്പെടെ ₹15,52,576/- ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-16 ആംബുലൻസ് വാടക ലഭ്യമായില്ല

കുറഞ്ഞ നിരക്കിൽ വാടക ഈടാക്കി രോഗികൾക്ക് ആംബുലൻസ് സർവീസ് നല്കുന്നതിന് നഗരസഭയുടെ കീഴിൽ KL 12 B 7092 , KL 12 H 8591 എന്നീ ആംബുലൻസുകൾ ഉപയോഗിക്കുന്നുണ്ട് . 1.9.2017 മുതൽ 30.9.2018 വരെയുള്ള ആബുലൻസ് ലോഗ് ബുക്ക് , വാടക പിരിവ് രസീതികൾ എന്നിവ പരിശോധിച്ചതിൽ 12.10.2017 ൽ ഐ. റ്റി . ഡി. പി കൽപ്പറ്റക്ക് വേണ്ടി 12.10.2017 ന് 134 കി.മീ ഉപയോഗിച്ചിട്ടുണ്ട്( ലോഗ് ബുക്ക് പേജ് നം. 12 ) . ആയതിന് കിലോ മീറ്ററിന് ₹10

നിരക്കിൽ ₹1,340 വാടക ലഭിക്കേണ്ടതാണ്. നാളിതു വരെ തുക ലഭ്യമായിട്ടില്ല.അപാകതകൾ സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/25.10.2018) നൽകിയ മറുപടിയിൽ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആശുപത്രി ഉപകരണങ്ങൾ, ഫർണിച്ചർ വാങ്ങൽ പദ്ധതി - കൂടിയ നിരക്കിൽ ടെണ്ടർ ഉറപ്പിച്ചു - മുൻസിപ്പൽ ഫണ്ടിന് ₹ 1,53,929/- നഷ്ടം.

കൈനാട്ടി ജനറൽ ആശുപത്രിക്ക് വേണ്ട സർജിക്കൽ ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങി നൽകുകയാണ് പദ്ധതിയിൽ നടപ്പിലാക്കിയിരിക്കുന്നത്.

| | |
|---|---|
| പദ്ധതിയുടെ പേര് | ആശുപത്രി ഉപകരണങ്ങൾ,<br>ഫർണിച്ചർ വാങ്ങൽ പദ്ധതി |
| പ്രോജക്ട് നമ്പർ | S0069/18 |
| അടങ്കൽ | ₹ 10,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | ₹ 1,50,000/-(വികസന ഫണ്ട് - ജനറൽ) |
| | മൊത്തം - ₹ 11,50,000/- |
| ബിൽ നമ്പർ & തുക | 5/17-18/18.11.17 – ₹ 1,08,430/- |
| | 6/17-18/18.11.17 –₹ 8,21,155/- |
| | ആകെ - ₹ 9,29,585/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ജനറൽ ഹോസ്പിറ്റൽ |

മേൽ പദ്ധതിയിലെ ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ഇൻവോയിസ് നമ്പർ/തുക |
|---|---|
| അന്ന എന്റർപ്രൈസസ്, കൽപ്പറ്റ. | 6/23.10.17/ ₹ 1,02,825/- |

| | |
|---|---|
| ട്രെൻഡ് സർജിക്കൽസ്, സു. ബത്തേരി. | BC217/10.10.17/ ₹ 5,605/- |
| | BC219/11.10.17/ ₹ 3,49,308/- |
| | BC222/12.10.17/ ₹ 4,71,847/- |
| | മൊത്തം- ₹ 8,26,760/- |
| ആകെ ചെലവ് | ₹ 9,29,585/- |

രണ്ട് ടെണ്ടറുകൾ വഴിയാണ് ആശുപത്രി ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| ടെണ്ടർ നോട്ടീസ് നമ്പർ | ഇനങ്ങൾ | എണ്ണം | രേഖപ്പെടുത്തിയ നിരക്ക് | | | |
|---|---|---|---|---|---|---|
| | | | ലിങ്ക് സർജിക്കൽസ് (നികുതികൾ ഉൾപ്പെടെ) (₹ ) | ഫിഡ്കോ (നികുതികൾ ഉൾപ്പെടെ) (₹ ) | ട്രെൻഡ് സർജിക്കൽസ് (നികുതികൾ ഉൾപ്പെടെ) (₹ ) | അനു എന്റർപ്രൈസസ് (നികുതികൾ ഉൾപ്പെടെ) (₹ ) |
| B-01/GH(K)/17-18 | അയേൺ കോട്ട് | 25 | 1,41,600/- | 1,31,250/- | 1,62,250/- | - |
| | സെമി ഫൗളർ കോട്ട് | 4 | 42,480/- | 44,996/- | 43,424/- | - |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | റിവോൾ വിംഗ് സ്റ്റൂൾ | 9 | 13,806/- | 17,541/- | 21.240/- | - |
| | മെഡിസിൻ ട്രോളി | 7 | 45,430/- | 63,000/- | 57,820/- | - |
| | മാട്രസ്സ് | 30 | 1,00,890/- | 1,03,830/- | 1,23,900/- | 1,11,330/- |
| | പില്ലോ | 30 | 10,620/- | 7,020/- | 10,620/- | 12,750/- |
| | വേസ്റ്റ് ട്രോളി | 4 | 13,216/- | 17,996/- | 30,680/- | (ആകെ രണ്ട് ഇനങ്ങൾ മാത്രം) |
| | ഫൂട്ട് സ്റ്റെപ്പ് | 5 | 5,605/- | 4,660/- | 5,900/- | - |
| | സ്റ്റൂൾ കോമ്മോഡ് | 2 | 1,512/- | 2,120/- | 1,680/- | - |
| | വേസ്റ്റ് കേരിയിംഗ് ട്രോളി | 1 | 5,900/- | 7,499/- | 8,850/- | - |
| ആകെ | | | 3,81,059/- | 3,99,912/- | 4,66,364/- | - |
| B-01/GH(K)/17-18 | ഒ.റ്റി ലൈറ്റ്-എൽ.ഇ.ഡി | 1 | 2,10,000/- | 1,05,000/- | 1,90,000/- | - |
| | ത്രീ ഫോൾഡ് സ്ക്രീൻ | 8 | 30,400/- | 41,536/- | 45,312/- | - |

| | | | | | | |
|---|---|---|---|---|---|---|
| | ലേബർ കോട്ട്(ഹെഡ് അഡ്ജ സ്റ്റമെന്റ് ഉള്ളത്) | 1 | 25,000/- | 31,800/- | 28,320/- | - |
| | ലേബർ കോട്ട് | 1 | 18,000/- | 15,224/- | 18,880/- | - |
| | ഡ്രസ്സിംഗ് ബിൻ | 7 | 7,700/- | 23,625/- | 37,632/- | - |
| | ബാക്ക് റെസ്റ്റ് | 16 | 17,600/- | 28,992/- | 22,680/- | - |
| | സ്പോട്ട് ലൈറ്റ് | 4 | 76,000/- | 49,196/- | 29,120/- | - |
| | സ്റ്ററിലൈസർ | 4 | 16,800/- | 28,056/- | 21,504/- | - |
| | ക്രാഷ് കാർട്ട് | 2 | 52,000/- | 37,628/- | 47,200/- | - |
| | IV സ്റ്റാൻഡ് | 20 | 40,000/- | 33,540/- | 37,760/- | - |
| ആകെ | | | 4,93,500/- | 3,94,597/- | 4,78,408/- | - |

മേൽ പറഞ്ഞതിൽ , ഒന്നാമത്തെ ടെണ്ടറിൽ ഏറ്റവും കുറച്ച് ക്വാട്ട് ചെയ്തിരിക്കുന്നത് ₹ 3,81,059/-രൂപക്ക് ലിങ്ക് സർജിക്കൽസ് ആണ്. എന്നാൽ, ഏറ്റവും കൂടുതൽ നിരക്ക് രേഖപ്പെടുത്തിയ (₹ 4,66,364/-) ട്രൻഡ് സർജിക്കൽസിൽ നിന്നും ₹ 354913/- രൂപക്ക് ടെണ്ടർ ഉറപ്പിക്കുകയുമാണ് ചെയ്തിരിക്കുന്നത്. അതിൽ, 30 മാടസ്സിൽ 5 എണ്ണവും 30 തലയിണകളിൽ 5 എണ്ണവും മാത്രമേ ട്രൻഡ് സർജിക്കൽസിന് നൽകിയിട്ടുള്ളൂ. ബാക്കി, 25 മാടസ്സുകളും 25 തലയിണകളും അനു എന്റർപ്രൈസസിൽ നിന്നും ₹ 1,02,825/- രൂപക്ക് വാങ്ങുകയുമാണ് ചെയ്തിരിക്കുന്നത്. അങ്ങിനെ, മൊത്തം ₹ 4,57,738/- (₹ 3,54,913/-+₹ 1,02,825/-) രൂപക്കാണ് ₹ 3,81,059/- രൂപക്ക് ലിങ്ക് സർജിക്കൽസ് ക്വാട്ട് ചെയ്ത ടെണ്ടർ തള്ളി

സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. അതിനാൽ, ₹ 76,679/- (₹ 4,57,738/--₹ 3,81,059/-) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

രണ്ടാമത്തെ ടെണ്ടറിൽ ഏറ്റവും കുറച്ച് ക്വാട്ട് ചെയ്തിരിക്കുന്നത് ₹ 3,94,597/- രൂപക്ക് ഫിഡ്കോ ആണ്. എന്നാൽ, ഏറ്റവും കൂടുതൽ ക്വാട്ട് ചെയ്ത (₹ 4,78,408/-) ട്രൻഡ് സർജിക്കൽസിൽ നിന്നും ₹ 4,71,847/- രൂപക്ക് ഉപകരണങ്ങൾ വാങ്ങിയിരിക്കുകയാണ്. അതിനാൽ, ₹ 77,250/- (₹ 4,71,847/--₹ 3,94,597/-) രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

കുറച്ച് ക്വാട്ട് ചെയ്ത ടെണ്ടറുകൾ നിരസിച്ചതിന്റെ കാരണം നിർവ്വഹണോദ്യോഗസ്ഥൻ ഫയലിലോ, ടെണ്ടറിലോ, ടെണ്ടർ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 9.15 പ്രകാരം ടെണ്ടർ നിരസിക്കുകയാണെങ്കിൽ വിശദവിവരം ഫയലിൽ കാരണ സഹിതം രേഖപ്പെടുത്തേണ്ടതാണ്.പ്രോക്യർമെന്റ് കമ്മിറ്റിയോ, മുൻസിപ്പാലിറ്റി ഭരണ സമിതിയോ ടെണ്ടർ അംഗീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 14/25.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ, മുൻസിപ്പാലിറ്റി ഫണ്ടിനുണ്ടായ ₹ 1,53,929/- (₹ 76,679/- +₹ 77,250/-) രൂപയുടെ നഷ്ടം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്. ₹ 1,53,929/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

സർക്കാർ ഉത്തരവ് നമ്പർ. ജി.ഒ.(എം.എസ്)13/2015/ഐ.ടി.ഡി/12.05.2015 പ്രകാരം അഞ്ച് ലക്ഷം രൂപക്ക് മുകളിൽ വിലയുള്ള സാധനങ്ങളുടെ സമാഹരണത്തിന് ഇ-ടെണ്ടർ വിളിക്കേണ്ടതാണ്. എന്നാൽ, സർക്കാർ ഉത്തരവിനു വിരുദ്ധമായി, 1150000/- അടങ്കൽ ഉള്ള പ്രോജക്ടിന് മാന്വൽ ടെണ്ടർ ആണ് നിർവ്വഹണോദ്യോഗസ്ഥൻ വിളിച്ചിരിക്കുന്നത്. ആയത് ക്രമ വിരുദ്ധമാണ്. അതിനാൽ, മുകളിൽ നിരാകരിച്ചതൊഴികെയുള്ള, ₹ 7,75,656/- (₹ 9,29,585/-₹1,53,929/-) രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-2 <u>മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല-₹6,07,964/- തടസ്സം.</u>

2017-2018 സാമ്പത്തിക വർഷം, മെഡിക്കൽ ഓഫീസർ (ജനറൽ ആശുപത്രി) നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ ഭാഗമായി മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് (KMSCL) അഡ്വാൻസ് തുക നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | ബിൽ നം./ തുക | പ്രഫോർമ ഇൻവോയ്സ്/തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | S0068/18<br>പെയിൻ & പാലിയേറ്റീവ് | 1/17-18/<br>31.10.17<br>325078/- | PRF 314/29.08.17/ ₹3,25,078/- | ₹2,54,642/-യുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. ₹70,436/- യുടെ മരുന്ന് ലഭ്യമായിട്ടില്ല. |
| | | 1/17-18/<br>31.10.17<br>325078/- | PRF 754/19.09.17/ ₹24,922/- | ₹24,922/-യുടെയും മരുന്ന് ലഭ്യമായിട്ടില്ല. |
| 2 | S0070/18<br>കിഡ്നി ഡയാലിസിസ് കിറ്റ് വിതരണം | 2/17-18/<br>36.10.17<br>500000/- | PRF 754/19.09.17/ ₹5,00,000/- | ₹4,97,634/-യുടെ കൺസ്യൂമബിൾസ് ലഭ്യമായിട്ടുണ്ട്. ₹2,366/- യുടെ കൺസ്യൂമബിൾസ് ലഭ്യമായിട്ടില്ല. |
| 4 | S0074/18<br>വയോമിത്രം പ്രവർത്തനങ്ങൾ | 7/17-18/<br>18.11.17<br>250000/- | PRF 1825/02.11.17/ ₹2,50,000/- | ₹2,50,000/-യുടെയും മരുന്ന് ലഭ്യമായിട്ടില്ല. |
| 5 | S0044/18<br>ജനറൽ ആശുപത്രി / അർബൻ പി.എച്ച്.സി പ്രത്യേക വിഭാഗം മരുന്ന വാങ്ങൽ | 4/17-18/<br>18.11.17<br>750000/- | PRF 1139/06.10.17/ ₹5,00,000/- | ₹3,18,899/-യുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. ₹1,81,101/-യുടെ മരുന്ന് ലഭ്യമായിട്ടില്ല. |
| | | | PRF 747/19.09.17/ ₹2,50,000/- | ₹1,70,861/-യുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. ₹79,139/- യുടെ മരുന്ന് ലഭ്യമായിട്ടില്ല. |

വിശദീകരിക്കണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 13/25.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.ലഭ്യമാവാത്ത മരുന്നിന്റെയും കൺസ്യൂമബിൾസിന്റെയും വിലയായ ₹6,07,964/- തടസ്സത്തിൽ വെക്കുന്നു.

## 3-3 തുടർ വിദ്യാഭ്യാസം പദ്ധതി - സബ്സിഡി മാർഗ്ഗരേഖക്ക വിരുദ്ധമായി ഹോണറേറിയം നൽകി.

| | |
|---|---|
| പദ്ധതിയുടെ പേര് | തുടർ വിദ്യാഭ്യാസം |
| പ്രോജക്ട് നമ്പർ | S0064/18 |
| അടങ്കൽ | ₹1,00,000/- (വികസന ഫണ്ട് - ജനറൽ) |
| ബിൽ നമ്പർ & തുക | 2/17-18/15.03.18 – ₹1,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രിൻസിപ്പാൾ, ജി.വി.എച്ച്,എസ്,മുണ്ടേരി. |

ബിൽ പ്രകാരം പിൻവലിച്ച തുകയുടെ ചെലവിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ചെലവിനം | തുക |
|---|---|---|
| 1 | 12 സാക്ഷരത ഇൻസ്ട്രക്ടർമാർക്ക് ഹോണറേറിയം | ₹12,000 |
| 2 | 12-ാം ക്ളാസ് തുല്ല്യത പഠനം കോഴ്സ് ഫീസ് (41 പഠിതാക്കൾക്ക്) | ₹41,000 |
| 2 | 10-ാം ക്ളാസ് തുല്ല്യത പഠനം കോഴ്സ് ഫീസ് (38 പഠിതാക്കൾക്ക്) | ₹38,000 |
| 4 | സ്റ്റേഷനറി | ₹9,000 |
| ആകെ | | ₹1,00,000 |

പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സബ്സിഡി മാർഗ്ഗരേഖ (ജി.ഒ (എം.എസ്.) നമ്പർ. 80/2017/തസ്വഭവ, 03.04.2017) ഖണ്ഡിക 24 പ്രകാരം 4,7,10,+2 ക്ലാസ്സുകളിലേക്കുള്ള തുല്യത പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷ ഫീസ്, കോഴ്സ് ഫീസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ, സബ്സിഡി മാർഗ്ഗരേഖ (ജി.ഒ (എം.എസ്.) നമ്പർ. 80/2017/തസ്വഭവ, 03.04.2017) ഖണ്ഡിക 12.2 പ്രകാരം ഹോണറേറിയം നൽകാൻ പാടില്ല. എന്നാൽ, 12 സാക്ഷരത ഇൻസ്ട്രക്ടർമാർക്ക് ഹോണറേറിയം ആയി 12,000/- രൂപ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 10/25.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച ₹ 12,000/- അംഗീകരിക്കുന്നില്ല. പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 ഗ്യാസ് ക്രിമിറ്റോറിയം പ്രവർത്തനം ആരംഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : നഗരസഭാ സെക്രട്ടറി

2015-16 സാമ്പത്തിക വർഷത്തിൽ 52.65ലക്ഷം അടങ്കലിൽ നിർമ്മാണം ആരംഭിച്ച ഗ്യാസ് ക്രിമിറ്റോറിയം പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുകയുണ്ടായി.കെട്ടിടവും മെഷിനറിയും സ്ഥാപിക്കുന്നതിന് 47 ലക്ഷവും ജനറേറ്ററും ഷെഡും സ്ഥാപിക്കുന്നതിന് 5.65 ലക്ഷവും ആണ് വകയിരുത്തിയത്. തൃശ്ശൂരിലുള്ള കോസ്റ്റ് ഫോർഡ് എന്ന സ്ഥാപനമാണ് പ്രവൃത്തി ഏറ്റെടുത്തത്. നാളിതുവരെ കോസ്റ്റ് ഫോർഡ് നൽകിയ തുക സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| വൗച്ചർ നം/തീയതി | തുക |
|---|---|
| 51500097/29.4.15 | ₹10,53,000/- |
| 51600531/17.8.16 | ₹5,00,000/- |
| 51701170/25.1.18 | ₹10,00,000/- |
| ആകെ | ₹25,53,000/- |

കോസ്റ്റ് ഫോർഡ് ₹48,77,922/- പാർട്ട് ബിൽ സമർപ്പിച്ചിട്ടുണ്ട്. കരാർ പ്രകാരം31.12.2017 ന് ഗ്യാസ് ക്രിമിറ്റോറിയം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു.എന്നാൽ നാളിതുവരെ പ്രവ്യത്തി പൂർത്തികരിച്ചിട്ടില്ല.ഗ്യാസ് ഫർണസ്സ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും അനുബന്ധ പ്രവ്യത്തികൾ പൂർത്തീകരിച്ചിട്ടില്ല. കൂടാതെ വൈദ്യുതി കണക്ഷനും ലഭ്യമായിട്ടില്ല . പ്രവൃത്തി മുഴുവനും പൂർത്തീകരിക്കാതെ ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ ഉദ്ഘാടനം നഗരസഭ 2018 മാർച്ച് 5 ന് നിർവ്വഹിച്ചു. എന്നാൽ ക്രിമിറ്റോറിയത്തിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല . ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. 2017-18 ൽ ചെലവഴിച്ച ₹10,00,000 തടസ്സപ്പെടുത്തുന്നു.

## 3-5 തെരുവ് വിളക്ക് മീറ്റർ ഘടിപ്പിക്കൽ - മീറ്ററുകൾ പ്രവർത്തനക്ഷമമല്ല- പദ്ധതി ലക്ഷ്യം കണ്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : നഗരസഭാ സെക്രട്ടറി

തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് നം 9571/DPI/05 /LSGD തീയതി 21.1.06

പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. നിലവിൽ നഗരസഭയിൽ തെരുവുവിളക്കുകളുടെ എണ്ണം കണക്കാക്കിയാണ് വൈദ്യുതി ചാർജ്ജ് അടച്ചു വരുന്നത്. നഗരസഭയിൽ 40 ഇടങ്ങളിൽ മീറ്റർ ഘടിപ്പിക്കുന്നതിന് 2012-13 ൽ 2.12 ലക്ഷം രൂപ KSEB ഒടുക്കിയിട്ടുണ്ട്. വൈദ്യുതി മീറ്റർ ഘടിപ്പിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം താഴെ പറയുന്ന പ്രകാരം 94,040/- രൂപ ചെലവഴിച്ചു.

| ക്രമനം | വൗച്ചർ നം , തീയതി | തുക |
|---|---|---|
| 1 | 51700211/1.6.2017 | ₹68,040 CD തുക KSEB കൽപ്പറ്റയിൽ ഒടുക്കി. |
| 2 | 51700212/1.6.2017 | ₹2,000 അപേക്ഷ ഫീസ് KSEB കൽപ്പറ്റയിൽ ഒടുക്കി. |
| 3 | 51700427/21.7.17 | ₹24,000 മീറ്റർ ഘടിപ്പിക്കുന്നത് സംബന്ധിച്ച് ടെസ്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഇലക്ട്രിക്കൽ കോൺട്രാക്ടർ ശ്രീ ബേസിൽ മാത്യുവിന് നൽകി. |
| | ആകെ | ₹94,040/- |

ആകെ 3,06,040/- രൂപ ചെലവിൽ മീറ്റർ ഘടിപ്പിച്ചിട്ടുണ്ടെങ്കിലും നിലവിൽ അവ പ്രവർത്തിക്കുന്നില്ല. ഈ സാഹചര്യത്തിൽ 2017-18 ലെ ചെലവ് ₹94,040/- തടസ്സപ്പെടുത്തുന്നു. വൈദ്യുത മീറ്റർ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പ് വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 തെരുവ് വിളക്ക് ചാർജ്ജ്- തെരുവ് വിളക്കുകളുടെ കണക്ക് സൂക്ഷിക്കുന്നില്ല

നഗരസഭാ സെക്രട്ടറി താഴെ പറയുന്ന വൗച്ചറുകളിലായി 2017-18 ൽ തെരുവ് വിളക്ക് ചാർജ്ജ് ഇനത്തിൽ 11,32,341/-അടച്ചിട്ടുണ്ട്.

| ക്രമനം | വൗച്ചർ നം , തീയതി | തുക |
|---|---|---|
| 1 | 51700051/10.4.2017 | ₹95,694 |
| 2 | 51700286/2.6.2017 | ₹95,598 |
| 3 | 51700410/18.7.2017 | ₹1,04,561 |
| 4 | 51700511/16.8..2017 | ₹1,04,561 |
| 5 | 51700645/15.9.2017 | ₹1,04,561 |
| 6 | 51700708/5.10.2017 | ₹1,04,561 |
| 7 | 51700880/10.11.2017 | ₹1,04,561 |
| 8 | 51700982/5.12.2017 | ₹1,04,561 |
| 9 | 51701116/10.1.2018 | ₹1,04,561 |
| 10 | 51701217/3.2.2018 | ₹1,04,561 |
| 11 | 51701328/7.3.2018 | ₹1,04,561 |
| | ആകെ | ₹11,32,341 |

തെരുവ് വിളക്കുകളുടെ കൃത്യമായ വിവരങ്ങൾ ( തെരുവ് വിളക്കുകളുടെ എണ്ണം, വാട്സ് തുടങ്ങിയ വിവരങ്ങൾ) രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ നഗരസഭ സൂക്ഷിച്ചിട്ടില്ല. കൂടാതെ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ സൈറ്റ് മാപ്പുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിന്റെ കൺസ്യൂമർ കാർഡും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ഇത് കൊണ്ട് തന്നെ ഏതൊക്കെ വിളക്കുകൾക്കാണ് മേൽ തുക അടക്കുന്നത് എന്നത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല. [തെരുവ് വിളക്ക് സംബന്ധിച്ച മുഴുവൻ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.] ഈ സാഹചര്യത്തിൽ ചെലവഴിച്ച ₹11,32,341/- തടസ്സപ്പെടുത്തുന്നു.

## 3-7 പൊതു ടാപ്പ് ചാർജ്ജ് - അധികം തുക അടച്ചു.

താഴെ പറയുന്ന വൗച്ചറുകളിലായി 2017-18 ൽ ആകെ ₹12,29,904 കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഇനത്തിൽ അടച്ചിട്ടുണ്ട്

| ക്രമനം | വൗച്ചർ നം , തീയതി | തുക | ടാപ്പുകളുടെ എണ്ണം |
|---|---|---|---|
| 1 | 51700067/10.4.2017 | ₹1,45,854 | 222 |
| 2 | 51700318/2.6.2017 | ₹1,45,854 | 222 |
| 3 | Cheaque 1941462/18.7.2017 | ₹1,45,854 | 222 |
| 4 | 51700510/16.8..2017 | ₹1,45,854 | 222 |
| 5 | 51700663/15.9.2017 | ₹1,07,748 | 164 |
| 6 | 51700782/5.10.2017 | ₹1,07,748 | 164 |
| 7 | 51700902/10.11.2017 | ₹1,07,748 | 164 |
| 8 | Cheaque 291854/5.12.2017 | ₹1,07,748 | 164 |
| 9 | 51701250/10.1.2018 | ₹1,07,748 | 164 |
| 10 | cheaque679000/3.2.2018 | ₹1,07,748 | 164 |
| | ആകെ | ₹12,29,904 | |

കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് നഗരസഭ 28.10.16 ന് സംയുക്ത പരിശോധന നടത്തി നഗരസഭ പരിധിയിൽ 164 പൊതു ടാപ്പുകൾ ആണ് നിലവിൽ പ്രവർത്തിക്കുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ 2017 സെപ്തംബർ മാസം മുതൽ ആണ് പൊതു ടാപ്പുകൾ സംബന്ധിച്ച ബില്ലിൽ കേരള വാട്ടർ അതോറിറ്റി കുറവു വരുത്തിയത്.അതിനാൽ 2017-18 ൽ 4 മാസം അധിക തുക പൊതു ടാപ്പ് വാട്ടർ ചാർജ്ജ് ഇനത്തിൽ അധികം അടച്ചിട്ടുണ്ട്. 4 X(₹1,45,854 – ₹1,07,748)= 4 X ₹38,106 = ₹1,52,424 അധികം അടച്ചിട്ടുണ്ട്. 2017-18-ൽ അധികം ഒടുക്കിയ ₹1,52,424 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആകെ അധികം ഒടുക്കിയ തുക കണക്കാക്കി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-8 പട്ടിക വർഗ്ഗ കോളനികൾക്ക് വാട്ടർ കണക്ഷൻ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

നഗരസഭയിലെ 36 പട്ടിക വർഗ്ഗ കോളനികൾക്ക് വാട്ടർ കണക്ഷൻ നൽകുന്നതിനായി 2017- 18 സാമ്പത്തിക വർഷം താഴെ വിവരിച്ച പ്രകാരം

35,60,000/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിശദ വിവരം ചുവടെ കൊടുക്കുന്നു.
പ്രോജക്ട് : 302/2018 (ഓണിവയൽ ഫ്ലാറ്റ് ഉൾപ്പടെ വിവിധ പട്ടിക വർഗ്ഗ കോളനികൾക്ക് വാട്ടർ കണക്ഷൻ നൽകൽ)

നിർവ്വഹണം : നഗരസഭ സെക്രട്ടറി

അടങ്കൽ : ₹37,59,677/-
ഫണ്ടിനം : വികസന ഫണ്ട് (ടി.എസ്.പി )

ചെലവ് : ₹35,60,000/-

| ക്രമനം | ബിൽ നം , തീയതി | തുക |
|---|---|---|
| 1 | 9/2/18/ dtd1.6.2017 | ₹15,00,000 |
| 2 | 15/3/18/ dtd 22.3.18 | ₹20,60,000 |
| | ആകെ | ₹35,60,000 |

എന്നാൽ മേൽ പ്രവർത്തി നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല. പദ്ധതിയുടെ ഭൗതിക നേട്ട റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച ₹35,60,000 തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിക്കാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 അഗതി ആശ്രയ - പദ്ധതികൾ തയ്യാറാക്കി നടപ്പാക്കിയിട്ടില്ല

അഗതി പുനരുദ്ധാരണത്തിനായി ആരംഭിച്ച അഗതി ആശ്രയ പദ്ധതി നഗരസഭയിൽ കാര്യക്ഷമമായി നടപ്പാക്കിയിട്ടില്ല എന്ന് കാണുകയുണ്ടായി.ആകെ 62 അഗതി കുടുംബങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള്ത്.ഇതിൽ 23 കുടുംബങ്ങൾ പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവരാണ്.അഗതി പുനരുദ്ധാരണത്തിനായി ഓഡിറ്റ് വർഷത്തിൽ പദ്ധതി വിഹിതത്തിൽ നിന്ന് 20ലക്ഷം രൂപ പിൻവലിച്ച് ബാങ്ക് അകൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. മുൻ ബാക്കി ഉൾപ്പെടെ രണ്ട് ബാങ്ക് അകൗണ്ടുകളിലായി 31.03.2018 ന് ആകെ 68,17,124രൂപ നീക്കിയിരിപ്പുണ്ടായിരുന്നു.(കോർപ്പറേഷൻ ബാങ്ക് കൽപ്പറ്റ ശാഖ എസ്.ബി 520101036441429 ൽ 38,92,568 രൂപയും , കാനറബാങ്ക് കൽപ്പറ്റ ശാഖ എസ്.ബി

0317101060250 ൽ 29,24,556 രൂപയും നീക്കിയിരിപ്പുണ്ട്).
അഗതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണം, സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് ഭൂമിയും,വീടും നൽകൽ,പോഷകാഹാരം,വസ്ത്രം,കുട്ടികളുടെ വിദ്യാഭ്യാസം,തൊഴിൽ പരിശീലനം നൽകൽ തുടങ്ങിയവയാണ് അഗതി ആശ്രയ പദ്ധതി പ്രകാരം നടപ്പിലാക്കേണ്ടിയിരുന്ന പദ്ധതികൾ .എന്നാൽ നഗരസഭ 2017 -18 വർഷം പോഷകാഹാര കിറ്റ് വാങ്ങി വിതരണം നടത്തുക എന്ന പദ്ധതിയല്ലാതെ മറ്റ് പദ്ധതികളൊന്നും ആവിഷ്കരിക്കുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല. അഗതി ആശ്രയ പദ്ധതി പ്രകാരം വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശമുണ്ടായിരുന്നിട്ടും ആയതിനാവശ്യമായ തുക പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിച്ചതിന് ശേഷവും പദ്ധതികളൊന്നും നടപ്പാക്കാത്തത് അധികൃതരുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി കാണുന്നു. സർക്കാർ ഉത്തരവ് (പി) 177/2006 ധനം 12.04.2006, സർക്കാർ ഉത്തരവ് (പി)119/2015 ധനം 21.03.2015 എന്നിവയിലെ ഖണ്ഡിക 6.1,6.2 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ പദ്ധതി തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല. സർക്കാർ ഉത്തരവ് ഖണ്ഡിക 10 പ്രകാരം സഞ്ചിത നിധിയിൽ നിന്നും ആവശ്യത്തിലധികം പിൻവലിച്ച തുക ചലാൻ വഴി തിരിച്ചടക്കേണ്ടതാണ്. അഗതി ആശ്രയ പദ്ധതികൾക്കായി പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ച തുക എത്രയും പെട്ടന്ന് സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## **3-10** <u>സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ കൃഷി ഓഫീസർ പ്രോജക്ടുകൾ നടപ്പിലാക്കി</u>

ജൈവവളം , കുമ്മായം , പഴം- പച്ചക്കറി വിത്ത് എന്നിവയുടെ വിതരണത്തിനായി കൃഷിഓഫീസർ താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട് .

| ക്രമ നം. | പ്രോജക്ട് നമ്പറും പേരും | അടങ്കൽ | തുക ,ട്രഷറി ബിൽ നം , തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 51/18 | ₹5,00,000/-( | ₹5,00,000/- | കാപ്പി,കുരുമുളക് |

| | | | | |
|---|---|---|---|---|
| | സമഗ്ര കരകൃഷി വികസനം | വി.ഫണ്ട് ) ₹1,66,667- (ഗ്ര.വിഹിതം) 6,66,667 | 4/17-18 21.03.2018 | കർഷകർക്ക് കുമ്മായം, ജൈവവളം വിതരണമാണ് പദ്ധതി ലക്ഷ്യം |
| 2 | 326/18 – കുരുമുളക് കൃഷി വികസനം | ₹98,250 ( വി.ഫണ്ട് ) ₹66,667( ഗ്ര.വിഹിതം ) 1,64,917 | ₹98,250/- 5/17-18 28.3.2018 | കുരുമുളക് കർഷകർക്ക് ജൈവവളം വിതരണമാണ് പദ്ധതി ലക്ഷ്യം |
| 3 | 57/18- കുടുംബശ്രീ മുഖേന പഴം പച്ചക്കറി വിത്തും , വളവും | ₹2,00,000/-( വി.ഫണ്ട് ) | ₹2,00,000/- 3/17-18 21.3.2018 | കുടുംബശ്രീ യൂണിറ്റിന് പച്ചക്കറി വിത്തും , വളവും വാങ്ങി നൽകുകയാണ് പദ്ധതി ലക്ഷ്യം |

1. <u>പ്രജക്ട് നം . 51/18, 326/18</u>

സബ്സിഡി മാർഗ്ഗരേഖ ( സ.ഉ (എം.എസ് )80/2017/തസ്വഭവ തീ.03.04.2017 ) പ്രകാരം ജൈവവളം,കുമ്മായം എന്നിവ കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റി വാങ്ങി വിതരണം നടത്തുകയാണ് വേണ്ടത്. എന്നാൽ മേൽ പറഞ്ഞ പ്രോജക്ടുകളുടെ നിർവഹണത്തിൽ പ്രസ്തുത മാനദണ്ഡം പാലിച്ചിട്ടില്ല.യഥാക്രമം കുരുമുളക് സമിതി സെക്രട്ടറിമാർ,കുടുംബശ്രീ എ.ഡി.എസ് എന്നിവർ ഹാജരാക്കിയ ജൈവവളത്തിന്റെ ബില്ലുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. മാത്രമല്ല ജൈവവളം, കുമ്മായം എന്നിവ കർഷകർ കൈപ്പറ്റിയതിന്റെ യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ പദ്ധതി പ്രകാരം അനുവദിച്ച ജൈവവളം/കുമ്മായം അർഹതപ്പെട്ട കർഷകർക്ക് പൂർണ്ണമായും ലഭിച്ചു എന്ന് ഉറപ്പ് വരുത്താൻ സാധിക്കാത്തതിനാൽ പ്രോജക്ട് നം 51/18, 326/18 എന്നിവയ്ക്കായി ചെലവഴിച്ച ₹5,98,250/- ( ₹5,00,000 + ₹98,250 )

തടസ്സപ്പെടുത്തുന്നു. ജൈവവളം/കുമ്മായം എന്നിവ കർഷകർക്ക് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം 51/18, 326/18 എന്നിവയ്ക്ക് യഥാക്രമം ₹1,60,667/-, ₹32,720/- വീതം ഗുണഭോക്തൃവിഹിതം പിരിച്ച് നഗരസഭയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ജൈവവളം, കുമ്മായം എന്നിവ വാങ്ങുന്നതിന് വിനിയോഗിച്ചിട്ടില്ല. ഈ തുക തനത് ഫണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. പദ്ധതി ചെലവ് പൂർണ്ണമായും വികസനഫണ്ടിൽ നിന്നും വഹിച്ചതായി കാണുന്നു. ഇത് ക്രമവിരുദ്ധമായതിനാൽ ഗുണഭോക്തൃവിഹിതമായി പിരിച്ച തുക പൂർണ്ണമായും കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

2. <u>പ്രോജക്ട് നം.57/18</u>

പ്രോജക്ട് നം 57/18 തുക വകയിരുത്തിയത് അനുസരിച്ച് ജൈവവളത്തിന്റെ വിലയുടെ 25% സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾ വഹിക്കേണ്ടതാണ്. എന്നാൽ ഗുണഭോക്തൃവിഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ പിരിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം6/17-18 /25.10.18) ഗുണഭോക്തൃവിഹിതം എ.ഡി.എസ് പിരിച്ചെടുത്തിട്ടുണ്ട് എന്ന് മറുപടി നൽകി. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കാൻ എ.ഡി.എസിനെ ചുമതലപ്പെടുത്തിയത് ഗൗരവമായി കാണുന്നു. ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. എ.ഡി.എസ് ഗുണഭോക്തൃവിഹിതം പിരിച്ചത് നഗരസഭയിൽ ഒടുക്കിയതായി കാണുന്നില്ല. പിരിച്ചെടുത്ത തുക എത്രയും പെട്ടെന്ന് നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്. രേഖകളില്ലാതെ ഗുണഭോക്തൃവിഹിതം പിരിക്കുന്നത് ഗുരുതര വീഴ്ചയാണ്. ഈ സാഹചര്യത്തിൽ പ്രോജക്ട് നം 57/18 ന് വേണ്ടി ചെലവഴിച്ച ₹2,00,000 /- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 <u>ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി അനുവദിക്കൽ -അപാകങ്ങൾ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ :വെറ്ററനറി സർജ്ജൻ
പ്രോജക്ട് : 35/18 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി അനുവദിക്കൽ

അടങ്കൽ : ₹4,00,000 (വികസന ഫണ്ട്)

ബിൽ നം. : 2/2017-18 തീ 28/3/18 ₹4,00,000

നഗരസഭ പരിധിയിലെ ക്ഷീരകർഷകർക്ക് ലിറ്ററിന് 4 രൂപ നിരക്കിൽ

പരമാവധി ₹30,000 വരെ പാൽ അളവിനനുസരിച്ച് സബ്സിഡി നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി ചെലവ് രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

കൽപ്പറ്റ ക്ഷീരോത്പാദക സഹകരണസംഘം, കുന്നമ്പറ്റ ക്ഷീരോത്പാദക സഹകരണസംഘം എന്നിവയിലെ ക്ഷീരകർഷകർക്ക് സബ്സിഡി നൽകുകയാണ് പദ്ധതിയിലൂടെ നടപ്പാക്കിയത്. എന്നാൽ പ്രസ്തുത സബ്സിഡി തുക ക്ഷീര കർഷകർക്ക് ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൽപ്പറ്റ ക്ഷീരോത്പാദക സഹകരണസംഘത്തിന് ₹3,52,892 കുന്നമ്പറ്റ ക്ഷീരോത്പാദക സഹകരണസംഘത്തിന് ₹47,108 നൽകുകയാണ് ചെയ്തത്. തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിൻെറ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രസ്തുത വിവരം പരിശോധിച്ചതായി കാണുന്നില്ല. ക്ഷീര സംഘങ്ങൾ മുഖേന സബ്സിഡി നൽകുക എന്നത്, ക്ഷീര സംഘങ്ങളിൽ നിന്നും പാൽ അളന്ന കർഷകരുടെ വിവരങ്ങൾ ലഭ്യമാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് കർകരുടെ അക്കൗണ്ടിലേക്ക് തുക നൽകുകയാണ് വേണ്ടിയിരുന്നത്. തുക കർഷകർക്ക് ലഭിച്ചു എന്ന് ഉറപ്പ് വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം 8 തീയതി 25/10/18) നഗരസഭാ കൗൺസിലിന്റെ നിർദ്ദേശ പ്രകാരമാണ് പദ്ധതി നടപ്പാക്കിയത് എന്നാണ് അറിയിച്ചത്. മറുപടി സ്വീകാര്യമല്ല. ക്ഷീര കർഷകർക്ക് അർഹതപ്പെട്ട സബ്സിഡി തുക ലഭിച്ചു എന്ന് ഉറപ്പാക്കാത്തതിനാൽ ചെലവ് തുക ₹4,00,000 തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-12 സമഗ്ര കന്നുകുട്ടി പരിപാലന പദ്ധതി- ചെലവഴിക്കാത്ത തുക തിരിച്ചടച്ചില്ല

2012-13 മുതൽ 2015-16 വരെ വർഷങ്ങളിൽ നഗരസഭ കന്നുകുട്ടി പരിപാലന പദ്ധതി (എസ്.എൽ.ബി.പി) തയ്യാറാക്കുകയും പദ്ധതി വിഹിതം ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നം | അടങ്കൽ | തദ്ദേശ വിഹിതം തുക | ബിൽ നം തീയതി |
|---|---|---|---|---|
| 2012-13 | 143/13 | ₹4,00,000 | ₹2,00,000 | 2/2012-13 തീ.27/3/13 |

| | | | | |
|---|---|---|---|---|
| 2013-14 | 13/14 | ₹8,00,000 | ₹4,00,000 | 1/13-14 തീ.7/3/14 |
| 2014-15 | 36/15 | ₹8,00,000 | ₹4,00,000 | 1/14-15 തീ.26/3/15 |
| 2015-16 | 12/16 | ₹8,00,000 | ₹4,00,000 | 30/16-17, തീ 29/3/16 |

നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിരിക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ചെലവ് സംബന്ധിച്ച രജിസ്റ്ററുകൾ പ്രകാരമുള്ള പദ്ധതി ചെലവ് സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|
| പദ്ധതിയിൽ ഉൾപ്പെട്ട കന്നുകുട്ടികളുടെ എണ്ണം | 32 | 64 | 64 | 64 |
| പൂർത്തിയാക്കിയവർ | 24 | 38 | 42 | 42 |
| കൊഴിഞ്ഞു പോയവർ | 8 | 26 | 22 | 22 |
| നഗരസഭ വിഹിതം | ₹2,00,000 | ₹4,00,000 | ₹4,00,000 | ₹4,00,000 |
| ചെലവഴിച്ച തുക (തദ്ദേശ വിഹിതം) | ₹1,51,318 | ₹2,76,027 | ₹2,97,081 | ₹3,02,019 |
| ബാക്കി തുക (തദ്ദേശ വിഹിതം) | ₹48,682 | ₹1,23,973 | ₹1,02,919 | ₹97,981 |

മേൽ വിവരിച്ചത് പ്രകാരം ആകെ ₹3,73,555 ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ അക്കൗണ്ടിൽ നീക്കിയിരിപ്പായുണ്ട്. നീക്കിയിരിപ്പ് തുക എത്രയും പെട്ടന്ന് സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 3-13 എസ്.സി.ഹോസ്റ്റൽ അനുബന്ധ സൗകര്യം ഒരുക്കൽ കെട്ടിടം ഉപയോഗിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം | 292/18 |
| പ്രോജക്ടിന്റെ പേര് | എസ്.സി.ഹോസ്റ്റൽ അനുബന്ധ സൗകര്യം ഒരുക്കൽ |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി) - ₹5,00,000 |
| ബിൽ നം. | 52/17-18 തി. 12/12/2018 ₹3,97,071 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| കരാറുകാരൻ | പി.കെ അയ്യൂബ് |

നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള എസ്.സി ഹോസ്റ്റലിൽ അനുബന്ധ പ്രവൃത്തികൾ നടത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. കെട്ടിടത്തിന്റെ തെക്കുഭാഗത്തായി ചുറ്റുമതിൽ നിർമ്മിക്കാത്ത ഭാഗത്ത് ചെയിൻലിങ്ക് സ്ഥാപിക്കുന്നതിനും പോർച്ചിനോട് ചേർന്ന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും കെട്ടിടത്തിന്റെ പുറക് ഭാഗത്ത് ഗെയിറ്റ് സ്ഥാപിക്കുന്നതിനും കെട്ടിടത്തിലേക്ക് പ്രവേശിക്കുന്ന ഭാഗത്ത് കല്ല് പതിക്കലുമാണ് പ്രോജക്ട് പ്രകാരം നടത്തിയത്. ഹാജരാക്കിയ രേഖകൾ , 27/10/2018ന് നടത്തിയ സ്ഥല പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ കെട്ടിടം എന്താവശ്യത്തിനാണോ നിർമ്മിച്ചത് പ്രസ്തുത ആവശ്യത്തിന് കെട്ടിടം ഉപയോഗിക്കുന്നതായി കാണുന്നില്ല. കെട്ടിടം നിർമ്മിച്ചതിന്റെ ഉദ്ദേശലക്ഷ്യം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം 32 തീയതി 29/10/2018 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## **3-14** <u>ടെണ്ടർ കിഴിവ് കുറവു വരുത്താതെ ബിൽ തുക നൽകി .നഗരസഭ ഫണ്ടിന് നഷ്ടം</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എൻജിനിയർ

നഗരസഭഎൻജിനീയർ നടപ്പിലാക്കിയ മരാമത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ വിവരിച്ച പ്രവൃത്തികളിൽ ടെണ്ടർ കിഴിവ് പരിഗണിക്കാതെ അളവ് മൂല്യം കണക്കാക്കി കരാറുകാരന് പണം അനുവദിച്ചതായി കണ്ടു. ആകെ ലഭിച്ച അളവു മൂല്യം എസ്റ്റിമേറ്റ് തുകയ്ക്ക് പരിമിതപ്പെടുത്തുകയോ തുടർന്ന് ടെണ്ടർ കിഴിവ് കുറവുവരുത്തുകയോ ചെയ്തിട്ടില്ല . വിശദ വിവരം ചുവടെ കൊടുക്കുന്നു .

| പ്രവർത്തിയുടെ പേര് | നെടുങ്കോട് സുബൈദ വീട് മുതൽ ലാഗ്ളി വീട് വരെ റോഡ് കോൺക്രീറ്റ് . | അമ്പിലേരി ഗ്രാമത്ത് അമ്പലം റോഡ് നിർമ്മാണം |
|---|---|---|
| പ്രോജക്ട് നംമ്പർ | 95 /18 | 106 /2018 |
| എസ്റ്റിമേറ്റ് തുക | ₹2,68,361 | ₹3,57,305 |

| | | |
|---|---|---|
| കരാറുകാരന്റെ പേര് | അഷറഫ് .കെ.സി | എ.വർക്കി |
| കരാർ നിരക്ക്/തുക | ₹2,34,816 | ₹3,20,860 |
| കരാർ ഉടമ്പടി നമ്പർ -തിയതി | 47/17-18-07.10.17 | 48 / 17-18-07.10.2017 |
| അളവ് ബുക്ക് നമ്പർ | 36 /17-18 | 35 /17-18 |
| അളവ് മൂല്യം | ₹2,81,611 | ₹3,74,989 |
| വൗച്ചർ നമ്പർ /ബിൽ നമ്പർ തിയതി | 46/ 17-18. 16.01.2018 | 44 /17-18-16.01.2018 |
| പരിഗണിച്ച അളവ് മൂല്യം | ₹2,81,611 | ₹3,74,989 |
| കരാറുകാരന് നൽകിയ തുക | ₹2,70,347 | ₹3,59,989 |
| കുറവു വരുത്തിയ നികുതികൾ | ₹11,264 | ₹15,000 |
| ആകെ | ₹2,81,611 | ₹3,74,989 |
| നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടം താഴെവിവരിച്ച പ്രകാരം കണക്കാക്കുന്നു. | | |
| അളവ് മൂല്യം | ₹2,81,611 | ₹3,74,989 |
| അളവ്മൂല്യം എസ്റ്റിമേറ്റ് തുകയക്ക് (P.A.C.) പരിമിതപ്പെടുത്തേണ്ടിയിരുന്നത് | ₹2,68,361 | ₹3,57,305 |
| ടെണ്ടർ നിരക്ക്/ തുക | 234816 | ₹3,20,860 |
| അനുവദനീയമായ തുക തുക | ₹2,34,816 | ₹3,20,860 |
| അനുവദിച്ച തുക | ₹2,81,611 | ₹3,74,989 |
| അധികം | ₹46,795 | ₹54,129 |
| ബിൽ നൽകിയ ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.അബ്ദുൾ നാസർ .സി.<br>അസി . എൻജിനീയർ | ശ്രീ.അബ്ദുൾ നാസർ .സി .<br>അസി . എൻജിനീയർ |

ടെണ്ടർ കിഴിവ് കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചതുവഴി നഗരസഭാ

ഫണ്ടിനുണ്ടായ നഷ്ടം ₹1,00,924 (₹46795 +₹54129) ബിൽ തുക നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ് . ഇക്കാര്യം ഭരണ വകുപ്പിന്റെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു . അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല .

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

